# രാഗലയം ശ്രുതി

**കലാ–സാംസ്കാരിക മാസിക**

**പുസ്തകം 6    ലക്കം 4**

**മാർച്ച്/ഏപ്രിൽ**


ജപകോടി ഗുണം ധ്യാനം
ധ്യാനകോടി ഗുണംലയം
ലയകോടി ഗുണം ഗാനം
ഗാനാൽ പരതരംനഹി





മാനേജിംഗ് എഡിറ്റർ

**ഡോ. എ.ഇ. കൃഷ്ണൻനമ്പൂതിരി**

ചീഫ് എഡിറ്റർ

**മാങ്കുളം ജി.കെ.**

പത്രാധിപസമിതി

ഡോ. സി. പി. ഉണ്ണിക്കൃഷ്ണൻ
കലാശ്രീ കോട്ടയം കെ. വീരമണി
ഡോ. ശ്രീവത്സൻ നമ്പൂതിരി

ഉപദേശകസമിതി

ആർ. രാമചന്ദ്രൻനായർ IAS
പ്രൊഫ. പാറശ്ശാല രവി
പി. വിജയാംബിക പാലക്കാട്
രമേശൻ വി. പുന്നയൂർക്കുളം

നിയമോപദേശം

അഡ്വ. ജി. ഹരികൃഷ്ണൻ ഹരിപ്പാട്

Setting and Layout : Hari chittakkadan



വിലാസം

രാഗലയം ശ്രുതി, ചേപ്പാട് പി.ഒ.,
ആലപ്പുഴ (ജില്ല), കേരളം–690507
ഫോൺ : 0479–2470429, 9447037932

ragalayamsruthy@gmail.com,
Website : www.ragalayammusics.com


## ഉള്ളടക്കം...


സംഗീതചക്രവർത്തി ദേവരാജൻ മാഷ് ................ 3
രാഗലയം പ്രതിഭാസംഗമം – റിപ്പോർട്ട് ................ 7
സംഗീതവും ആദ്ധ്യാത്മികതയും ....................... 10
കർണ്ണാടകസംഗീതം; ആസ്വാദനം, ഒരു പഠനം ... 14
എന്തരോ മഹാനുഭാവലു ................................ 17
അഭിനയകല .................................................. 19
വീണ ............................................................ 21
രാഗാമൃതം ..................................................... 23
ഉത്തരകന്നഡയിലെ മുരുദേശ്വർ ....................... 26
അഷ്ടപദി സംഗീതം – ഒരു പഠനം .................... 29
കലാദർശിനി .................................................. 32



രാഗലയം ശ്രുതിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ലേഖകർക്കായിരിക്കും




കലാകാരന്റെ ഭൂമികയുടെയും കാലികാനുഭവങ്ങൾക്ക് ഏറെ ഛായാസാമ്യം പലപ്പോഴും സൂക്ഷ്മദൃക്കുകൾക്ക് അനുഭവപ്പെടാറുണ്ട്. കഴിഞ്ഞ വർഷം അതിഭയാനകമായ പ്രളയത്തിനു വിധേയമായ ഭൂമി ഇനി അത്രത്തോളം രൂക്ഷമായ വരൾച്ചയെ നേരിടേണ്ടി വരുമോ എന്ന ആശങ്ക അനുദിനം വളരുകയാണ്. കലാകാരനും ഇതുപോലെ സദാ ആധിക്യങ്ങളുടെയും അഭാവങ്ങളുടെയും മാറിമാറിയുള്ള അനുഭവങ്ങൾക്ക് അടിമയാകേണ്ടി വരുന്നു എന്നതാണല്ലോ നിത്യവസ്തുത.

മെയ്, ജൂൺ മാസങ്ങൾ കലാരംഗത്തെ ഒട്ടനേകം ഭാസുരനക്ഷത്രങ്ങളുടെ നഷ്ടദുഃഖങ്ങൾ നിറഞ്ഞവയാണ്. നൗഷദലി, എം. കൃഷ്ണൻനായർ, ബഹദൂർ, ശ്രീമൂലനഗരം വിജയൻ, കമുകറ പുരുഷോത്തമൻ, എസ്.പി. പിള്ള, സത്യൻ, സുകുമാരൻ, പി.ജി. വിശ്വംഭരൻ, കാവാലം നാരായണപ്പണിക്കർ, എ.പി. ഗോപാലൻ, ലോഹിതദാസ് തുടങ്ങിയവർ വിവിധ കാലഘട്ടങ്ങളിലായി ഈ മാസങ്ങളിൽ നമ്മെ വെടിഞ്ഞു പോയതിന്റെ ദുഃഖസ്മൃതികൾ ഇന്നു നമ്മിൽ ഘനീഭവിച്ചു നിൽക്കുന്നു.

രാഗലയം മ്യൂസിക് സൊസൈറ്റിയുടെ പതിനാറാം വാർഷികം അത്യന്തം വിജയകരമാക്കുവാൻ സഹായിച്ച ഈ നാട്ടിലെ സഹൃദയരുടെ സന്മനസ്സിന് ശതകോടി നമസ്കാരം. വാർഷിക പരിപാടികളുടെ ചിത്രങ്ങളും റിപ്പോർട്ടുകളും നിറഞ്ഞ ഈ ലക്കം രാഗലയം ശ്രുതി നിങ്ങൾക്കേവർക്കും ആനന്ദസന്ദായകമാകുമെന്ന് പ്രത്യാശിക്കുന്നു.

-ചീഫ് എഡിറ്റർ

---

രാഗലയം

# ശ്രുതി കലാ-സാംസ്കാരിക മാസിക

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല. കേരളം - 690507. ഫോൺ : 0479 - 2470429, 9447037037932

## (Subscription Form)

പേര് :.....................................................................................................

വിലാസം :.....................................................................................................

.....................................................................................................

ജില്ല : .......................................പിൻകോഡ്.................................മൊബൈൽ .......................................

ഇ-മെയിൽ .....................................................................................................

വാർഷിക വരിസംഖ്യ 200/- രൂപ ☐ ലൈഫ് മെമ്പർഷിപ്പ് - 3000/- രൂപ ☐

തീയതി : ഒപ്പ്

വിലാസം - **മാനേജിംഗ് എഡിറ്റർ, രാഗലയം ശ്രുതി, ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല, കേരളം - 690507**

വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാൻ **A/c No. - 18600100000295, Ragalayam Sruthy, Federal Bank, Cheppad Branch, IFS Code - FDRL0001860** എന്ന നമ്പറിൽ പണമടച്ച് ഫോണിൽ വിളിച്ചുപറയുക. **ഫോൺ നമ്പർ** : **09447037932**





റ്റി.എം. സുരേഷ്കുമാർ

# സംഗീത ചക്രവർത്തി ദേവരാജൻ മാഷ്

*"പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളേ..*
*ആ മരത്തിൻ പൂന്തണലില് വാടിനിൽക്കുന്നോളേ.."*

മലയാള നാടകഗാന ചരിത്രത്തിൽ ഒരു യുഗപ്പിറവിയുടെ കേളികൊട്ടുമായാണ് ഈ ഗാനം പ്രചരിച്ചത്. കെ.പി.എ.സിയുടെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്ന നാടകത്തിൽ പ്രശസ്ത ഗായകരായ കെ.എസ്. ജോർജ്ജിന്റെയും സുലോചനയുടെയും ശബ്ദത്തിലൂടെ ജനഹൃദയങ്ങളെ വശീകരിച്ച നാടകഗാനമാണിത്. ഇതിനു പിന്നിൽ പ്രവർത്തിച്ചത് ഒഎൻവി കുറുപ്പിന്റെ കവിത്വവും പരവൂർ ജി. ദേവരാജന്റെ സംഗീതബോധവുമാണ്. കേരളീയരുടെ ഹൃദയങ്ങളിൽ എന്നും അനുരണനം ചെയ്യുന്ന മധുരങ്ങളായ ഒട്ടനവധി വൈവിദ്ധ്യമുള്ള ഈണങ്ങളുടെ ഉടമയാണ് സംഗീതത്തിന്റെ ശില്പഗോപുരം തുറന്നുതന്ന ദേവരാജൻ മാഷ്. അപൂർവങ്ങളായ സുന്ദര മധുരഗാനങ്ങൾ ഒരുക്കി എടുക്കുന്നതിലൂടെ ചലച്ചിത്ര-ലളിതഗാന-നാടകഗാന സംഗീതരംഗത്ത് അനശ്വരമായ പദവിയാണ് നേടിയിരിക്കുന്നത്. കാലം എത്ര കഴിഞ്ഞാലും തലമുറകളെ പുതിയ ഭാവതലങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിഞ്ഞ പ്രതിഭാശാലി 2006 ൽ നമ്മെ വിട്ടുപോയി. തന്റെ മാന്ത്രിക സ്പർശം കൊണ്ട് കേട്ടുപഴകിയ നാടോടിപ്പാട്ടുകൾക്കും രാഗങ്ങൾക്കും കോടി മണമുള്ള തന്റെ വക ഓണപ്പുടവകൾ ചാർത്തി ഒരുക്കിത്തന്നു. ചിറകുകളിൽ സംഗീതമുള്ള ആ കളഹംസം പറന്നുപോയി. ഇനി അതിന്റെ സ്മൃതികൾ നമ്മിലെ അമൃതായി എന്നും നിറഞ്ഞു നിൽക്കും.

ഒരു ഗ്രാമീണ കർഷകയുവാവിന്റെ പ്രേമാർദ്രമായ മനസിലെ വികാരത്തുടിപ്പുകളാണ് പ്രസ്തുത വരികളിൽ കാണുന്നത്. പൊരുതുന്ന ഒരു നാടൻ പ്രണയ ജോഡിയെ ഇതിൽ കാണാം.



പൊന്നരിവാൾ എന്ന നാടൻ പ്രയോഗത്തിന് തികച്ചും കേരളീയമായ ഒരു ഭാവചാതുരതയുണ്ട്. മലയാള കവിതയോടും സാഹിത്യത്തോടും അതീവ താല്പര്യം പുലർത്തി സ്വന്തമായ സംഗീതം നൽകിയ പ്രശസ്തങ്ങളായ കവിതാ ശകലങ്ങളിലൂടെ ജനഹൃദയങ്ങളിൽ കടന്നു കയറാൻ മാഷിനു കഴിഞ്ഞു. കെപിഎസിയുടെ അനുദിനം വർദ്ധിച്ചുവരുന്ന ജനസ്വാധീനത്തിന്റെ ഒരു മുഖ്യ ഘടകം മാഷിന്റെ ഈണങ്ങളായിരുന്നു. നാടെങ്ങും ഈ ഗാനങ്ങളുടെ സൗരഭ്യം പരന്നു. പാടത്തു പണിയെടുക്കുന്നവന്റെയും കയർ പിരിക്കുന്നവന്റെയും കശുവണ്ടി തല്ലുന്നവന്റെയും എന്നുവേണ്ട ഉന്നത വർഗ്ഗത്തിന്റെ പോലും വികാരമായി മാറി ഇത്തരം ഗാനങ്ങൾ. കെപിഎസി യുടെ പ്രധാനപ്പെട്ട നാടകങ്ങളിൽ പതിനെട്ടെണ്ണത്തിന് പൂർണ്ണമായും സംഗീതം പകർന്നത് ദേവരാജനാണ്. “മാരിവില്ലിൻ തേൻ മലരേ”, “തുഞ്ചൻ പറമ്പിലെ തത്തേ”, “ചില്ലിമുളം കാടുകളിൽ”, “അമ്പിളിയമ്മാവാ”, “വള്ളിക്കുടിലിന്നുള്ളിരിക്കും” എന്നിവ കാലാതിവർത്തികളായ ഗാനങ്ങളാണ്. ഈ നാടകങ്ങളെ തുടർന്ന് കെപിഎസി വിട്ട ദേവരാജൻ പതിനൊന്നു വർഷത്തിനു ശേഷം 1970 ൽ സമിതിയിൽ തിരിച്ചെത്തി സംഗീതസംവിധാനം തുടർന്നു. പിരപ്പൻകോട് മുരളിയുടെ തിരുവനന്തപുരം സംഘചേതന അവതരിപ്പിച്ച സ്വാതിതിരുനാൾ, ജാതവേദസ്സേ മിഴിതുറക്കൂ.., ഇന്ദുലേഖ എന്നീ നാടകങ്ങളിലെ ഗാനങ്ങൾ ദേവരാജന്റെ മാന്ത്രിക സ്പർശത്തിൽ പിറന്നവയാണ്. പ്രശസ്തരായ ഗാനരചയിതാക്കൾക്കൊപ്പം കെ.എസ്. ജോർജ്ജ്, സുലോചന, സി.ഒ. ആന്റോ തുടങ്ങിയ ഗായകരുടെ ഒരു നീണ്ട നിരതന്നെ ദേവരാജൻ അവതരിപ്പിച്ചവരായുണ്ട്.

കൊല്ലം പരവൂർ പന്നക്കാട് കൊച്ചുഗോവിന്ദൻ-കൊച്ചുകുഞ്ഞ് ദമ്പതികൾക്ക് 1927 സെപ്റ്റംബർ 27 ന് അത്തം നക്ഷത്രത്തിൽ പിറന്ന ദേവരാജൻ, സ്കൂൾ പഠനകാലത്ത് തന്നെ നാടകത്തോട് പ്രത്യേക താല്പര്യമുണ്ടായിരുന്നു. ഒപ്പം സംഗീതബന്ധവും. വള്ളിനിക്കറിട്ട് പുസ്തകസഞ്ചിയേന്തി കൂട്ടാർ തടിപ്പാലം കടന്ന് സ്കൂളിലേക്ക് പോകുമ്പോൾ പലപ്പോഴും അദ്ദേഹം പാലത്തിൽ നിന്ന് പുഴയിലേക്ക് നോക്കി നിൽക്കും. അങ്ങനെ നിൽക്കെ പുഴയിൽ ഓളങ്ങൾ രൂപപ്പെടുന്നതിന്റെയും


വെള്ളമൊഴുകുന്നതിന്റെയും സംഗീതം ആ മനസ്സ് ഒപ്പിയെടുക്കും. തനിമയാർന്ന സംഗീതത്തിന്റ ആദ്യാങ്കുരങ്ങൾ തന്റെ മനസ്സിൽ ചെറുപ്പത്തിലേ രൂപപപെട്ടു. പരവൂർ തെക്കുംഭാഗം സ്കൂളിൽ, ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ അദ്ധ്യാപകൻ ദേവരാജനോട് ഒരു പാട്ടുപാടാൻ ആവശ്യപ്പെട്ടു. മഹാകവി ഉള്ളൂരിന്റെ കാക്കേ കാക്കേ കൂടെവിടെ...? എന്ന പാട്ട് വ്യത്യസ്തമായ ഈണത്തിൽ പാടി കേൾപ്പിച്ച് അദ്ദേഹം അധ്യാപകന്റെ അഭിനന്ദനത്തിന് പാത്രമായി. പരമ്പരാഗതമായ ഈണ സങ്കല്പങ്ങളിൽ നിന്നുള്ള ഒരു മാറിനടത്തമായി അത്. സംഗീത സംവിധാനത്തിന്റെ ബാലപാഠങ്ങൾ പോലുമറിയാത്ത ആ നാളുകളിലും ഒരു പ്രതിഭാസ്പർശം പ്രകടമായി എന്നു സാരം. അക്കാലത്തെ നാട്ടിൻപുറത്തെ ടാക്കീസിൽ നിന്നും പുറത്തുവരുന്ന സിനിമാപ്പാട്ടുകൾ കേൾക്കാൻ കാത്തിരുന്ന ഒരു കാലം. സിനിമാ ഗാനങ്ങളോട് വല്ലാത്ത മമതയായിരുന്നു അദ്ദേഹത്തിന്.

നാടകഗാന രംഗത്ത് പേരെടുത്തു വരുന്ന കാലത്തു തന്നെ ദേവരാജന് സിനിമയിലും അവസരം ലഭിച്ചു. 1955 ൽ കൈലാസ് പിക്ചേഴ്സിന്റെ 'കാലംമാറുന്നു' എന്ന ചിത്രത്തിലാണ് ഒഎൻവിയും ദേവരാജനും ഒന്നിക്കുന്നത്. 'ആ മലർപൊയ്കയിലാടിക്കളിക്കുന്നോരോമന താമരപൂവേ.... മാനത്തുനിന്നൊരു ചെങ്കതിർമാല മാറിലേക്കാരേ എറിഞ്ഞു....' കെ.എസ്. ജോർജ്ജും സുലോചനയും ചേർന്നു പാടിയ ഗാനം. ഈ സിനിമയിൽ തിരുനയിനാർകുറിച്ചി ബ്രദർ ലക്ഷ്മണൻ ടീം സജീവമായി ഉണ്ടായിരുന്നു എന്നതാണ് മറ്റൊരു കൗതുകകരമായ വസ്തുത. 1959 ൽ ചതുരംഗവും 1962 ൽ ഭാര്യയും റിലീസായതോടെ മാഷിന് സിനിമയിൽ തിരക്കേറി. വയലാർ – ദേവരാജൻ കൂട്ടുകെട്ട് സിനിമാഗാന ചരിത്രത്തിൽ പുതിയ റിക്കാർഡിട്ടു. വയലാർ രാമവർമ്മ ഗാനരചന നിർവ്വഹിച്ച 221 ചിത്രങ്ങളിൽ 128 നും ഈണം പകർന്നത് ദേവരാജൻ മാഷാണ്. മലയാളത്തിലെ മിക്ക പ്രശസ്ത ഗാനരചയിതാക്കളുടെയും വരികൾ ചിട്ടപ്പെടുത്തിയ ഈ രാഗശില്പി മുന്നൂറിലേറെ ചലച്ചിത്രങ്ങളിൽ സംഗീതസംവിധായകനായി. യേശുദാസ് അടക്കമുള്ള പ്രശസ്തിയുടെ പരകോടിയിലെത്തിക്കുകയും ചെയ്തു അദ്ദേഹം. കരുണ എന്ന ചിത്രത്തിൽ ദേവരാജൻ ഗായകന്റെ മേലങ്കിയും അണിഞ്ഞു. മലയാളി മൂളുന്ന മധുരതരമായ ഈണങ്ങളിൽ പ്രിയകരമായ ഗാനപ്രവാഹങ്ങൾ..
എണ്ണിയാലൊടുങ്ങാത്ത..
ആയിരം പാദസരങ്ങൾ
കിലുങ്ങി ഒഴുകുന്ന നിത്യഹരിതങ്ങൾ. നഗരം കാണാത്ത നാണം മാറാത്ത നാടൻ പെൺകൊടിയായിരുന്ന ചലച്ചിത്ര ഗാനകന്യകയെ പൊട്ടുകുത്തിച്ച്, കുടമുല്ല പൂചൂടിച്ച്, നിലാവിന്റെയും വെയിലിന്റെയും പുടവയുടുപ്പിച്ച് ജനഹൃദയങ്ങളിലേക്ക് ഒഴുക്കിവിട്ട വയലാർ-ദേവരാജൻ ദ്വയം മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു.. മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു, ഗാനരചനയ്ക്ക് ദേശീയ പുരസ്കാരം നേടിയ, തത്വചിന്താധിഷ്ഠിതവും പൊള്ളുന്ന ഈണവും ഉള്ള വയലാർ-ദേവരാജൻ-യേശുദാസ് ത്രിമൂർത്തികളുടെ സൃഷ്ടി ആർക്കാണ് മറക്കാൻ കഴിയുക. മലയാളത്തിലെ അപൂർവ ശോഭയുള്ള ചക്രവർത്തിനിയും പുഷ്പപാദുകവും തനിച്ചുവരും താരുണ്യവും ഒരുങ്ങിവരും സൗന്ദര്യവും രാഗബന്ധുരേയും ഒക്കെ മറ്റൊരു ഭാവതലം സൃഷ്ടിക്കുന്നു.

## കലാമണ്ഡലം ഹൈദരാലി പുരസ്കാരം വാരണാസി വിഷ്ണുനമ്പൂതിരിക്ക്



ആലപ്പുഴ ജില്ലാ കഥകളി ക്ലബ്ബിന്റെ 54-ാം വാർഷിക സമ്മേളനത്തിൽ വച്ച് പത്തിയൂർ കൃഷ്ണപിള്ള സ്മാരക സമിതി ഏർപ്പെടുത്തിയ ഹൈദരാലി സ്മാരക പുരസ്കാരം കലാരത്നം വാരണാസി വിഷ്ണു നമ്പൂതിരിക്ക് നൽകി ആദരിച്ചു. പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് പുരസ്കാരം.



മഴക്കാറ് എന്ന സിനിമയ്ക്കു വേണ്ടി വയലാർ രചിച്ച് മാഷ് സംഗീതം പകർന്ന ദാസ് പാടിയ 'പ്രളയപയോധിയിൽ' എന്ന ഗാനം മലയാളഗാനശാഖയ്ക്ക് വാടാമലരായി സൗന്ദര്യവും സുഗന്ധവും പകരുന്നു. മനുഷ്യനും പ്രകൃതിയും ഉൾക്കൊള്ളുന്ന അനന്തവൈചിത്ര്യപൂർണമായ മഹാപ്രപഞ്ചത്തെ മഹത്തായ ദാർശനിക നിരീക്ഷണമാണ് വയലാറിന്റെ സംഗീതപ്രഭയിൽ ഈ ദാർശനിക രചനയെ അവിസ്മരണീയമാക്കുന്നു. അനഘ സങ്കല്പ ഗായികേ മാനസ.. എന്ന അണിയറ എന്ന സിനിമയിൽ ഭാസ്കരൻ മാഷ് ദേവരാജനുമായി ചേരുമ്പോൾ സംഭവിക്കാറുള്ള അത്ഭുതങ്ങളിലൊന്നാണ് ആ ഗാനം. മാഷിന്റെ പാട്ടിന്റെ വരികളിലെ പ്രത്യേകിച്ച് ആദ്യ വരിയിലെ ആദ്യത്തെ വാക്കുതന്നെ ആസ്വാദകരെ ആകർഷിക്കുന്നതായിരിക്കണം എന്ന നിർബന്ധമുണ്ട്. ഉദാ: പ്രേമസർവസ്വമേ... സീമന്തിനീ... ചാരുലതേ.. ഹൃദയേശ്വരീ... അരികിൽ നീയുണ്ടായിരുന്നെങ്കിൽ.... പ്രവാചകൻമാരെ... പത്മതീർത്ഥമേ... സുഭഗേ... എന്നീ ഗാനങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും. നിത്യവും ചന്ദ്രപ്രകാശത്തിലും സൂര്യപ്രകാശത്തിലും കുളിച്ചുണരുന്ന ഭൂമി എന്ന മനോഹരതീരത്ത് ഇനിയും ഒരു ജന്മം തരുമോ... എഴുതുന്നവരും ചിട്ടപ്പെടുത്തുന്നവരും ഒരുപോലെ മഹാരഥന്മാരാകുമ്പോഴാണ് ഗാനത്തിന് അനശ്വരത കൈവരുന്നത്. അങ്ങനെയുള്ള കാലഘട്ടങ്ങൾ മലയാളത്തിനും സൗഭാഗ്യം പോലെ ലഭിച്ചു. പ്രമുഖരായ കവികളുടെ ഉദ്കൃഷ്ട മായ രചനകളാണ് ഗാനങ്ങളായി ത്തീർന്നത്. പ്രഗൽഭരായ സംഗീതജ്ഞരാണ് അതിന് സംവിധാന സുഭഗത പ്രദാനം ചെയ്തത്. സംഗീതത്തിന്റെ സ്വർഗീയ ലോകത്തേക്ക് നമ്മെ കൊണ്ടുപോയി ശില്പഗോപുരം തുറന്നു തന്ന ചക്രവർത്തിക്ക് സ്മരണാഞ്ജലി.

●

# ഗുരുവന്ദനം




അന്തരിച്ച പ്രശസ്ത മൃദംഗവിദ്വാൻ എം. പുരുഷോത്തമ ശർമ്മയെ അനുസ്മരിക്കുവാൻ ശിഷ്യർ 'ഗുരുവന്ദനം-2019' എന്ന പരിപാടി സംഘടിപ്പിച്ചു. തൃശ്ശൂർ നീരാഞ്ജലി ഹാളിൽ പ്രൊഫ. ജോർജ് എസ്. പോൾ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പെരുവനം കുട്ടൻമാരാർ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. ആലപ്പുഴ ജി. ചന്ദ്രശേഖരൻനായർ, ശ്രീ. തൃശ്ശൂർ സി. രാജേന്ദ്രൻ തുടങ്ങിയവർ അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് ശിഷ്യന്മാർ ഒരുക്കിയ ലയവിന്യാസവും ഡോ. വി.ആർ. ദിലീപ് കുമാറിന്റെ നേതൃത്വത്തിൽ സംഗീത കച്ചേരിയും നടന്നു.



# രാഗലയം പ്രതിഭാ സംഗമവും 16 –ാമത് വാർഷികവും

ചേപ്പാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രാഗലയത്തിന്റെ പതിനാറാമത് വാർഷികവും പ്രതിഭാ സംഗമവും കായംകുളം പുല്ലുകുളങ്ങര 1060-ാം നമ്പർ എൻ.എസ്.എസ്. കരയോഗ ആഡിറ്റോറിയത്തിൽ വച്ച് 2019 ഏപ്രിൽ 9, 10, 11 തീയതികളിൽ പ്രൗഢഗംഭീരമായി അരങ്ങേറി.

പ്രതിഭാ സംഗമത്തിന് മുന്നോടിയായി രാഗലയം മ്യൂസിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വർഷം തോറും നടന്നുവരുന്ന സംഗീത പഠനക്കളരി ഈ വർഷം ചേപ്പാട് രാഗലയത്തിൽ വച്ച് പ്രശസ്ത സംഗീതജ്ഞനും ദേശീയ അധ്യാപക അവാർഡ് ജേതാവുമായ ശ്രീ. പാർവ്വതീപുരം പത്മാനഭ അയ്യരുടെ നേതൃത്വത്തിൽ 2019 ഏപ്രിൽ 3, 4 തീയതികളിൽ നടന്നു. സംഗീത അധ്യാപകരും വിദ്യാർത്ഥികളും ആസ്വാദകരുമായി അൻപതോളം പേർ പങ്കെടുത്ത ഈ ദ്വിദിന പഠനക്യാമ്പ് എല്ലാവർക്കും പുതിയ ഒരനുഭവമായി.



പ്രതിഭാസംഗമം ഒന്നാം ദിവസമായ ഏപ്രിൽ 9 ന് രാവിലെ കായംകുളം ശ്രീരാമകൃഷ്ണ മഠാധിപതി സ്വാമി ഭുവനാത്മാനന്ദജി മഹാരാജ് ഭദ്രദീപം കൊളുത്തി പരിപാടികൾ ആരംഭിച്ചു. രാഗലയത്തിൽ ആർടിസ്റ്റ് എടത്വ ശശിധരൻ ആചാരിയുടെ ശിക്ഷണത്തിൽ ചിത്രരചന അഭ്യസിക്കുന്ന വിദ്യാർത്ഥികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം മാവേലിക്കര ഫൈൻ ആർട്സ് കോളേജ് റിട്ട. പ്രൊഫസർ ശ്രീ. ജി ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് മൂന്നു വിഭാഗങ്ങളിലായി ചിത്രരചനാ മത്സരം നടന്നു. മത്സരത്തിൽ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നായി വിദ്യാർത്ഥികൾ പങ്കെടുത്തു.

തുടർന്ന് പ്രശസ്ത നാടകകൃത്തും സംവിധായകനും നടനും ചിത്രകലാ അധ്യാപകനുമായ ശ്രീ. ഹരിപ്പാട് രവിപ്രസാദിന്റെ നേതൃത്വത്തിൽ നടന്ന നാടക കളരി പ്രശസ്ത നാടകകൃത്തും കേരള സംഗീതനാടക അക്കാദമി എക്സിക്യൂട്ടീവ് മെമ്പറുമായ ശ്രീ. ഫ്രാൻസിസ് ടി. മാവേലിക്കര ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മുൻകാല നാടക ആചാര്യന്മാരായ ശ്രീ. കായംകുളം സന്തോഷ്കുമാർ, പ്രൊഫ. പി.എസ്. ഗോവിന്ദപ്പിള്ള എന്നിവരെ ആദരിച്ചു. പുല്ലുകുളങ്ങര ദേവസ്വം ഭരണസമിതി അംഗം ശ്രീ. ഡി. അയ്യപ്പൻ, കലാവിലാസിനി ഗ്രന്ഥശാല സെക്രട്ടറി ശ്രീ. എസ്.കെ.പി. പിള്ള എന്നിവർ ആശംസകൾ

അർപ്പിച്ചു. "മലയാളമാധുരി" എന്ന കവിതാശില്പശാലയാണ് പിന്നീട് വേദിയിൽ അരങ്ങേറിയത്. സംസ്ഥാന അധ്യാപക അവാർഡ് ജേതാവും രാഗലയം ശ്രുതി ചീഫ് എഡിറ്ററും സാഹിത്യകാരനുമായ ശ്രീ. മാങ്കുളം ജി.കെ. നമ്പൂതിരി നയിച്ച ഈ പരിപാടിയിൽ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു. തുടർന്ന് ഹരിപ്പാട് രവിപ്രസാദ് അവതരിപ്പിച്ച "ആർത്തു പെയ്യുന്ന മഴയിൽ" കഥാപ്രസംഗത്തോടുകൂടി ഒന്നാം ദിവസത്തെ പരിപാടികൾ അവസാനിച്ചു.



രണ്ടാം ദിവസമായ ഏപ്രിൽ 10 ന് രാവിലെ "അഭിനയകലയിൽ ഭരതനാട്യത്തിന്റെ പ്രസക്തി" എന്ന വിഷയത്തെ ആസ്പദമാക്കി തഞ്ചാവൂർ ശാസ്ത്ര യൂണിവേഴ്സിറ്റിയിൽ നിന്നും പത്മഭൂഷൺ ഡോ. പത്മസുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിൽ ഭരതനാട്യത്തിൽ ഉയർന്ന റാങ്കോടെ ബിരുദാനന്തര ബിരുദം നേടിയ ശ്രീമതി. ജ്യോതി സാവിത്രി ക്ലാസ്സെടുത്തു. നൃത്തം അഭ്യസിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമല്ല എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഈ ക്ലാസ്സ് വളരെയധികം പ്രയോജനപ്പെട്ടു. അതിനു ശേഷം നടന്ന സെമിനാറിൽ "ഇന്ത്യൻ വയലിൻ കർണാടക സംഗീതത്തിൽ പ്രയോഗിക്കുന്നതിന്റെ സാങ്കേതിക വശങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി പ്രശസ്ത വയലിനിസ്റ്റ് ശ്രീ. ഹരികുമാർ ശിവൻ സോദാഹരണ പ്രഭാഷണം നടത്തി. ശ്രീ. എ.കെ. ഈശ്വരൻനമ്പൂതിരി, വയലിനിലും ശ്രീ. മുളങ്കാടകം ആർ.ബി. റാംജയ് മൃദംഗത്തിലും ശ്രീ. കായംകുളം പ്രമോദ് രാമചന്ദ്രൻ ഘടത്തിലും അകമ്പടി ഏകി. തുടർന്ന് ചലച്ചിത്ര ഗാനങ്ങളേയും അവയുടെ രചയിതാക്കളേയും ഈണം നൽകിയവരേയും ഗായകരേയും പരിചയപ്പെടുത്തിക്കൊണ്ടുള്ള "ഈണവും താളവും" എന്ന ചലച്ചിത്ര ഗാനാസ്വാദന ക്ലാസ്സ്



അധ്യാപകനായ ശ്രീ. റ്റി. എം. സുരേഷ്കുമാർ നയിച്ചു. അതിനു ശേഷം പ്രശസ്ത നർത്തകിയായ ശ്രീമതി. ജ്യോതി സാവിത്രി അവതരിപ്പിച്ച ഭരതനാട്യത്തെത്തുടർന്ന് വേദിയിൽ രാഗലയത്തിൽ കുമാരി എ.കെ. ദ്രൗപദിയുടെ ശിക്ഷണത്തിൽ നൃത്തം വിദ്യാർത്ഥികളുടെ നൃത്തനൃത്യങ്ങളോടു കൂടി രണ്ടാം ദിവസത്തെ പരിപാടികൾ അവസാനിച്ചു.

മൂന്നാം ദിവസമായ ഏപ്രിൽ 11-ാം തീയതി പഞ്ചരത്ന കീർത്തനാലാപനത്തോടെ പരിപാടികൾ ആരംഭിച്ചു. പ്രൊഫ. പി.ആർ. കുമാരകേരളവർമ്മ, പ്രൊഫ. പാറശ്ശാല രവി, രാഗരത്നം നെടുമങ്ങാട് ശിവാനന്ദൻ എന്നിവരുടെ നേതൃത്വത്തിൽ മുപ്പതിൽപരം സംഗീതജ്ഞരും വാദ്യകലാകാരന്മാരും പങ്കെടുത്തു. തുടർന്ന് തൃശ്ശൂർ ആകാശവാണി ടോപ് ഗ്രേഡ് ആർടിസ്റ്റും രാഗലയം മ്യൂസിക് സൊസൈറ്റി ട്രഷററുമായ ശ്രീ. എ.ഇ. വാമനൻനമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ കടിയ സാംസ്കാരിക സമ്മേളനം മുൻ പൊതുവിദ്യാഭ്യാസ ഡയറക്ടറും ഭക്ഷ്യസുരക്ഷാ കമ്മീഷൻ ചെയർമാനും പ്രശസ്ത സാഹിത്യകാരനുമായ ശ്രീ. കെ.വി. മോഹൻകുമാർ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. വർഷങ്ങളായി രാഗലയം നടത്തിവരുന്ന നിസ്വാർത്ഥമായ സേവനങ്ങളെ അദ്ദേഹം

പ്രകീർത്തിച്ചു. മറ്റുള്ളവർക്കും ഇത് മാതൃകയാക്കാമെന്ന് അദ്ദേഹം പ്രസംഗത്തിൽ ആവർത്തിച്ചു.

പ്രശസ്ത സംഗീതജ്ഞയും അധ്യാപികയുമായ ആലപ്പുറത്ത് കെ.ജി. ദ്രൗപദിക്കുട്ടി അന്തർജ്ജനത്തിന്റെ സ്മരണയ്ക്കായി ആലപ്പുറത്ത് കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയ രാഗലയം അവാർഡ് (10001 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നത്) ഈ വർഷത്തെ അവാർഡ് ജേതാവായ പ്രൊഫ. പി.ആർ. കുമാരകേരള വർമ്മ, ശ്രീ. കെ.വി. മോഹൻകുമാറിന്റെ കയ്യിൽ നിന്നും ഏറ്റുവാങ്ങി. വിശിഷ്ടാതിഥികളായി മുൻ രാഗലയം അവാർഡ് ജേതാക്കളായ പ്രൊഫ. പാറശ്ശാലരവി, രാഗരത്നം നെടുമങ്ങാട് ശിവാനന്ദൻ എന്നിവർ പങ്കെടുത്തു. കണ്ടല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.വി. രഞ്ജിത്, 1060 -ാം നമ്പർ എൻഎസ്എസ് കരയോഗം പ്രസിഡന്റ് ശ്രീ. ഗോപാല കൃഷ്ണ കാർണവർ, സ്പിക്മാകേ കോ-ഓർഡിനേറ്റർ ശ്രീ. ശ്രീകാന്ത് പി. കൃഷ്ണൻ, ആരോഗ്യ പ്രവർത്തകൻ ശ്രീ. ജി. രവീന്ദ്രൻപിള്ള എന്നിവർ ആശംസകൾ അർപ്പിച്ചു. ചടങ്ങിൽ അന്തർദേശീയ തമിഴ് സർവ്വകലാശാലയുടെ ഹോണററി ഡോക്ടറേറ്റ് നേടിയ ശ്രീ. കണ്ടല്ലൂർ ഉണ്ണിക്കൃഷ്ണൻ, ശ്രീ. ഹരിപ്പാട് പ്രജിത്കുമാർ എന്നിവരെ ആദരിച്ചു. ബി.എസ്.എസ്. കൾച്ചറൽ മിഷൻ 2017-18 അധ്യയന വർഷത്തെ സംഗീതം, നൃത്തം, ചിത്രകല പരീക്ഷകളിൽ വിജയികളായവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും പ്രതിഭാസംഗമത്തോടനുബന്ധിച്ച് നടത്തിയ ചിത്രരചനാ മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടന്നു. പ്രോഗ്രാം ജനറൽ കൺവീനറും രാഗലയം പ്രിൻസിപ്പലുമായ ഡോ. എ.ഇ. കൃഷ്ണൻനമ്പൂതിരി സ്വാഗതവും രാഗലയം ശ്രുതി ചീഫ് എഡിറ്റർ ശ്രീ. മാങ്കുളം ജി.കെ. നമ്പൂതിരി നന്ദിയും പറഞ്ഞു.



തുടർന്ന് ഈ വർഷത്തെ അവാർഡ് ജേതാവ് പ്രൊഫ. പി. ആർ. കുമാരകേരളവർമ്മയുടെ സംഗീതസദസ്സ് അരങ്ങേറി. ശ്രീ. താമരക്കാട് കൃഷ്ണൻനമ്പൂതിരി കൂടെ പാടി. രാഗരത്നം നെടുമങ്ങാട് ശിവാനന്ദൻ വയലിൻ, പ്രൊഫ. പാറശ്ശാല രവി മൃദംഗം.

ഉച്ചയ്ക്ക് ശേഷം രാഗലയത്തിൽ വിവിധ വിഷയങ്ങൾ അഭ്യസിക്കുന്ന വിദ്യാർത്ഥികൾ സംഗീതസദസ്സ്, മ്യൂസിക് ഫ്യൂഷൻ, ഗ്രൂപ്പ് വയലിൻ, മൃദംഗമേളം, നാടൻപാട്ട്, കീ-ബോർഡ്, സമൂഹഗാനം എന്നിവ അവതരിപ്പിച്ചു. വിവിധ ചാനലുകളിലും ആൽബങ്ങളിലും ഗാനങ്ങൾ ആലപിച്ച് പ്രശസ്തരായ രാഗലയത്തിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഗാനമേളയോടുകൂടി ഈ വർഷത്തെ പ്രതിഭാ സംഗമത്തിനും 16-ാമത് വാർഷികാഘോഷത്തിനും തിരശ്ശീല വീണു. ●



# സംഗീതവും ആദ്ധ്യാത്മികതയും



'കലാശ്രീ' കോട്ടയം വീരമണി

**ലോ**കത്തിലേവർക്കും പര സഹായം കൂടാതെ ആസ്വദി ക്കാൻ കഴിയുന്ന വിശ്വഭാഷയാ ണല്ലോ 'സംഗീതം'. സംഗീതാ സ്വാദനത്തിന് ഭാഷ ഒരു ഘടകമ ല്ല. തനിക്കറിയാൻ പാടില്ലാത്ത ഏതു ഭാഷയിലേയും ഗാനം ആസ്വദിക്കാനും ആത്മനിർവൃതി യടയാനും ഗാനശ്രവണം ചെയ്യുന്ന ആർക്കും സാധിക്കു ന്നു.

"ശിശുർവേത്തി പശുർവേത്തി
വേത്തി ഗാന രസം ഫണി"

എന്ന ചൊല്ല് എത്ര അർത്ഥവ ത്താണ്. ശിശുവും പശുവും പാമ്പും പാട്ടിന്റെ രസമറിയുന്നു. അമ്മയുടെ 'രാരീരാരോ' എന്ന താരാട്ട് കേട്ട് എത്രവേഗമാണ് കുഞ്ഞ് ഉറങ്ങുന്നത്. ശ്രീകൃ ഷ്ണന്റെ വേണുഗാനത്തിൽ പ്രപഞ്ചം മുഴുവൻ നിശ്ചലമാകു ന്നുവെന്ന് 'ചെറുശ്ശേരി'യുടെ കൃഷ്ണഗാഥയിൽ നിന്നും വായിച്ചെടുക്കാമല്ലോ.

"കന്നുകിടാങ്ങൾ കുടിപ്പതി നായിക്കൊ-
ണ്ടൊന്നുമേ ചെല്ലുന്നതില്ല കണ്ണാ
ചെന്നവയൊന്നും കുടിക്കുന്ന തുമില്ല
മന്ദമായ് നോക്കുന്നതിങ്ങു തന്നെ
നിൻ കുഴൽ കേട്ടുതൻ മക്ക ളെയൊന്നുമേ
നക്കുന്നതില്ല കാൺ ധേനു ക്കളും
രാവായിപ്പോയാലിക്കാലിക റപ്പ് തി-
നാവതല്ലെന്നതു തേറണം നീ"

ഗോകുലത്തിലെ അമ്മമാ രുടെ കണ്ണനോടുള്ള ആവലാതി യാണിത്. കിടാങ്ങളും പശു ക്കളും കണ്ണന്റെ പുല്ലാങ്കുഴൽ നാദത്തിൽ പരിസരം മുഴുവൻ വിസ്മരിച്ച് നിൽക്കുന്നതിനാൽ അമ്മമാർക്ക് പശുവിനെ കറക്കാ നാവുന്നില്ല.

സംഗീതത്തിന് ശബ്ദമേ വേണ്ടൂ. അർത്ഥമുള്ള ഗാനമാ ണെങ്കിൽ അത് കൂടുതൽ ആസ്വാദ്യവും ആലോചനാമൃ തവും ആയിത്തീരുമെന്നതിന് തർക്കമില്ല. ആനന്ദമെന്ന് അവാ ച്യവും അലൗകികവുമായ വികാരം ഹൃദയത്തിൽ വിത ക്കുന്ന പ്രതിഭാസം തന്നെയാണ് സംഗീതം. ഭാരതത്തിലെ സംഗീത ശാസ്ത്രകാരന്മാരെല്ലാം തന്നെ 'ആദ്ധ്യാത്മികത' തുളു മ്പുന്ന നമ്മുടെ സംഗീത പാരമ്പ ര്യത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെല്ലാം ഏകകണ്ഠ മാണ്. വേദമന്ത്രങ്ങളുടെ അടി ത്തറ പോലും ശബ്ദത്തിന്റെ മാസ്മരികതയാണ്. കലാദർശന ത്തിന്റെ മൂലമന്വേഷിച്ചാലും ഭാര തത്തിൽ അത് വേദങ്ങളാണ്. 'ഭരതമുനി'യുടെ നാട്യശാസ്ത്ര ത്തിലെ ഒന്നാം അദ്ധ്യായത്തിലെ ആറാമത്തെ ശ്ലോകം മുതൽ 16-ാം ശ്ലോകം വരെയുള്ള വിവര ണത്തിന്റെ അർത്ഥം ഗ്രഹിച്ചാൽ കാര്യങ്ങൾ കുറെക്കൂടി വ്യക്ത മായി നമുക്കു മനസ്സിലാക്കാം. അതിന്റെ ക്രോഡീകരണം താഴെ കുറിക്കാം. പതിന്നാല് മന്വന്തര ങ്ങൾ ചേർന്നതാണ് ബ്രഹ്മാ വിന്റെ ഒരു ദിവസം. അതിലാദ്യ ത്തേത് 'സ്വയംഭുവ' മന്വന്തരമാ ണ്. ഏഴാമത്തേതായ വൈവസ്വ തമന്വന്തരത്തിലാണ് നാം ജീവി ക്കുന്നത്. 71 ചതുർയുഗം ചേർന്നാൽ ഒരു മന്വന്തരം. കൃതം, ത്രേതാ, ദ്വാപരം, കലി എന്നിങ്ങനെയാണ് ചതുർയുഗ ത്തിന്റെ ക്രമം. കൃതയുഗത്തിൽ നാട്യവേദമില്ല. ദുഃഖമില്ലാത്ത കാലമാണത്. ത്രേതായുഗത്തി ലാണ് 'നാട്യവേദ ഉൽപ്പത്തി'. ത്രേതായുഗത്തിൽ ധർമ്മം നഷ്ട മായ ജനങ്ങളിൽ ധർമ്മ പ്രക്ഷേപണം നടത്തുവാൻ വേണ്ടിയാണ് ബ്രഹ്മാവ് 'നാട്യ ശാസ്ത്രം' രചിച്ചതെന്ന് നാട്യശാ സ്ത്രത്തിൽ ഭരതമുനി ചൂണ്ടി ക്കാട്ടുന്നു. സുഖദുഃഖസമ്മിശ്ര മായ ത്രേതായുഗത്തിൽ ദുഃഖ

പരിഹാരത്തിനുവേണ്ടി ഉണ്ടായതാണത്രെ 'നാട്യവേദം'! നാലു വേദങ്ങളെ ആശ്രയിച്ചാണ് ഇതുണ്ടാക്കിയത്. "ധർമ്മത്തെ സാധിക്കുന്നതും അർത്ഥിക്കപ്പെടത്തക്കതും കീർത്തിയുണ്ടാക്കുന്നതും പ്രത്യക്ഷമായി കാണാൻ കഴിയുന്നതിനാൽ വ്യക്തമായി മനസ്സിലാക്കാവുന്നതും ഭാവിലോകത്തിന് എല്ലാ കർമ്മങ്ങളേയും തുടർച്ചയായി കാട്ടിക്കൊടുക്കുന്നതും നൃത്ത-സംഗീത-വാദ്യാദികളായ സകല ശാസ്ത്രങ്ങളും ചേർന്നതും, ചിത്രം, കൊത്തുപണി തുടങ്ങിയ സകല ശില്പങ്ങൾക്കും പ്രോത്സാഹനം നൽകുന്നതും ഇതിഹാസ വിശേഷങ്ങളെ അവലംബിക്കുന്നതുമായ 'നാട്യം' എന്ന അഞ്ചാമത് വേദം താൻ രചിക്കുന്നുവെന്ന് ഭരതമുനി പ്രഖ്യാപിക്കുന്നു. ഭാരതീയ കലകൾക്കു പൊതുവേയും വിശിഷ്യ സംഗീതത്തിനും ആദ്ധ്യാത്മികത അതിന്റെ പ്രാണനാണ്. ആത്യന്തികമായ സത്യത്തെ സാക്ഷാത്കരിക്കാനുള്ള മാർഗ്ഗമായാണ് കലയെ എപ്പോഴും നാം കണക്കാക്കീട്ടുള്ളത്. ഭക്തിയും ജ്ഞാനവും പ്രേമവും കൂടിക്കലർന്ന, കേവല വിനോദോപാധിയെന്നതിലുപരി മാനവ പുരോഗതിക്കുകൂടി ഉതകുന്ന ഒന്നായിട്ടാണ് ഭാരതീയർ സംഗീതത്തെ വളർത്തിയെടുത്തിട്ടുള്ളത്. മറ്റേത് ദേശത്തേക്കാളും നമ്മുടെ സംഗീതം ആദ്ധ്യാത്മിക സമ്പ്രദായത്തിലൂടെ ജീവിതദർശനമായി ഉൾക്കൊണ്ട് ഈശ്വര സാക്ഷാത്കാരം മുഖ്യമായ ലക്ഷ്യമാക്കിക്കൊണ്ടുള്ള വളർച്ചയിലൂടെയാണ് വളർന്ന് വികാസം പ്രാപിച്ചിട്ടുള്ളത്.

പ്രപഞ്ചത്തിലെ ചലനങ്ങളെല്ലാം തന്നെ സംഗീതാത്മകമായിട്ടാണ് അഥവാ സംഗീതം പ്രപഞ്ചമാണ്. "നാദപ്രപഞ്ചം" എന്നല്ലെ നാം പറയുക. ഗ്രാമ്യ ഗാനങ്ങൾ അഥവാ നാടൻ ശീലുകളെക്കൂടി ഉൾക്കൊണ്ടുള്ള വളർച്ചയാണ് നമ്മുടെ സംഗീത പദ്ധതിക്കുള്ളത്. ഈ സങ്കര സംഗീതം തന്നെയാണ് 'മാർഗ്ഗ സംഗീതം' എന്നതുകൊണ്ടർത്ഥമാക്കുന്നത്. ബ്രഹ്മൻ വേദങ്ങളിൽ നിന്ന് സ്വാംശീകരിച്ചെടുത്തതും പിന്നീട് ഭരതൻ പ്രചരിപ്പിച്ചതുമായ സംഗീതം എന്ന് 'ശാർങ്ഗദേവൻ' സംഗീതരത്നാകരത്തിൽ പറയുന്നതിൽ നിന്നും ഈ അന്വേഷണഫലമാണ് മാർഗ്ഗ സംഗീതമെന്ന് നമുക്ക് മനസ്സിലാക്കാം. സംഗീതം ഒരളവു വരെ വളർന്നതിനു ശേഷമാണ് അതിലെ നാദം-ശ്രുതി-സ്വരങ്ങ





# മധുബനി പെയിന്റിംഗ് വർക്ക്ഷോപ്പ്

അന്തർ സംസ്ഥാന സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി സാംസ്കാരിക സംഘടനയായ സ്പിക്മാകേയുടെ ആഭിമുഖ്യത്തിൽ ചേപ്പാട് രാഗലയത്തിൽ വച്ച് നടത്തിയ മധുബനി പെയിന്റിംഗിന്റെ വർക്ക് ഷോപ്പ്. ബീഹാറിലെ ശ്രീമതി ഹേമാ ദേവിയിടെ നേതൃത്വത്തിൽ നടന്ന വർക്ക്ഷോപ്പിൽ അൻപതോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

ളെക്കുറിച്ചെല്ലാം മനുഷ്യൻ വിശകലനം ചെയ്യാൻ തുടങ്ങിയത്.

സാമവേദത്തിൽ നിന്നാണ് സംഗീതത്തിന്റെ ഉത്ഭവമെന്നാണ് നമ്മുടെ പൊതുവേയുള്ള കാഴ്ചപ്പാട്. സംഗീതശാസ്ത്രത്തിന്റെ ആദിരൂപമെന്ന ഭാവം സാമവേദത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. സാമവേദത്തെ 'വൈദികസംഗിതം' എന്നാണ് വിളിക്കേണ്ടത്. ഇപ്പോഴത്തെത് അഥവാ വളർച്ച പ്രാപിച്ചത് 'ലൗകിക' സംഗീതവും. ഏതു സംഗീതത്തിന്റെ ആധികാരിക ഗ്രന്ഥങ്ങളെടുത്താലും അതിലെല്ലാം സംഗീതത്തിന്റെ വ്യത്യസ്തമായ വിശേഷണങ്ങൾ അനവധിയാണ്. അതിലെല്ലാം മോക്ഷമാർഗ്ഗത്തിനുള്ള സുഗമമായ പന്ഥാവ് എന്ന നിലയ്ക്കാണ് സംഗീതത്തെ വാഴ്തപ്പെട്ടിട്ടുള്ളത്. വിസ്താരഭയത്താൽ അതെല്ലാം ഇവിടെ കുറിക്കാനാവില്ല. ശാർങ്ഗദേവൻ സംഗീതരത്നാകരത്തിൽ പറഞ്ഞിട്ടുള്ള ഒരു വസ്തുതയെ മാത്രം ഇവിടെ എടുത്തു പറയാം.

"ചൈതന്യം സർഭൂതാനാം
വിവൃത്തം ജഗദാത്മാനാ
നാദബ്രഹ്മതദാനന്ദ
മദ്വിതീയ മുപാസ്മഹേ'

പരബ്രഹ്മമാകുന്ന ചൈതന്യം എല്ലാ പ്രാണികളിലും ചരാചരാത്മക ജഗത്തിന് കാരണമായും ആനന്ദസ്വരൂപമായും തന്നിൽ നിന്ന് ഭിന്നമല്ലാതെ എങ്ങനെ പ്രകാശിക്കുന്നുവോ അതുപോലെ നാദവും സകല പദാർത്ഥങ്ങളേയും പ്രകാശിപ്പിക്കുന്നതായും ശബ്ദ പ്രപഞ്ചത്തിന് കാരണമായും ആനന്ദപ്രദായകമായും വർത്തിക്കുന്നു. 'നാദോപാസന'യെന്ന പ്രകാശത്തെ പിന്തുടരുമ്പോൾ ബ്രഹ്മം ലഭ്യമാകുന്നു. കർണാടകസംഗീതത്തിന്റെ പിതാമഹനായ ശ്രീ പുരനന്ദരദാസരും അദ്ദേഹത്തിന്റെ സമകാലികനായിരുന്ന അണ്ണമാചാര്യരും ഭദ്രാചലരാമദാസരും സംഗീത തൃമൂർത്തികളായ സദ്ഗുരു ശ്രീ ത്യാഗരാജസ്വാമികളും മുത്തുസ്വാമി ദീക്ഷിതരും ശ്യാമാശാസ്ത്രിയുമെല്ലാം നാദോപാസനയിലൂടെ ആ ബ്രഹ്മാനന്ദം കൈവരിച്ച് മോക്ഷമടഞ്ഞവരാണ്.

പരിപൂർണമായ ഈശ്വരാനുഗ്രഹത്തിന് പാത്രമാകുക എന്നതു തന്നെയാണ് മോക്ഷം. ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധം സേവ്യ-സേവകത്വമാണ്. പരിപൂർണമായ ഈശ്വരാനുഗ്രഹത്തിന് പാത്രമാകണമെങ്കിൽ സമർപ്പണം കൂടിയേ കഴിയൂ. നാദോപാസന മാർഗ്ഗമാക്കിയവർക്ക് പുരന്ദരദാസർ നൽകുന്ന ഉപദേശം. 'കെരയനീരനു' എന്ന മലഹരി രാഗഗീതത്തിലൂടെ ശ്രദ്ധിക്കുക.

'കെരയനീരനു കെരഗെചല്ലി
വരവപഡെദവ രന്തികാ
ണരോ
ഹരിയ കരുണദോളദ ഭാഗ്യവ
ഹരി സമർപ്പണെ മാഡി
ബദുഗിരോ
ശ്രീ പുരന്ദര വിഠലരായാ
ചരണകമലവനോഡി ബദു
ഗിരോ'

നാം തടാകത്തിലെ ജലം എടുത്ത് അതേ തടാകത്തിന് തന്നെ അർഘ്യപാദ്യാദികൾക്കായി ഉപയോഗിക്കുന്നതുപോലെ ഈശ്വര കാരുണ്യത്താൽ ഉണ്ടായ സുഖസൗകര്യങ്ങളെ അതേ പരമാത്മാവിന് സമർപ്പണം ചെയ്തുകൊണ്ട് ജീവിക്കുക. ശ്രീ പുരന്ദര വിഠലമൂർത്തിയുടെ പാദത്തെ നോക്കി ജീവിതം നയിക്കുക.

ത്യാഗരാജസ്വാമികളുടെ കാനഡ രാഗത്തിലുള്ള 'സുഖിയവ്വരോ' എന്ന കൃതിയിലും ഇതേ ആശയം തന്നെ.

'സത്യമുദപ്പക സകലലോകു
ലകു
ഭൃത്യുഡൈദൈവഭേദമുലേദാ
നിത്യകമെന സുസ്വരഗാന
മുതോ
നിരന്തരമു ത്യാഗരാജവി
നുത!'

സത്യത്തെ കൈവെടിയാതെ സകലലോകങ്ങൾക്കും ഭൃത്യനായിക്കൊണ്ട് മൂർത്തിഭേദം കൂടാതെ നിത്യവും തുടർച്ചയായി സുസ്വരഗാനം ചെയ്ത് ഈശ്വരന് അർപ്പണം ചെയ്യുന്നവനാണ് നാമജപത്തിൽ സുഖമനുഭവിക്കുന്നവനെന്ന് സ്വാമികൾ ഈ കൃതിയിലൂടെ നമുക്ക് മാർഗദർശനം ചെയ്യുന്നു.

'സംഗീതദാമോദരം' എന്ന സംഗീതഗ്രന്ഥത്തിൽ (ദാമോദര മിശ്രൻ) സംഗീതോല്പത്തിയെക്കുറിച്ച് വിശദമായി പറഞ്ഞുതരണമെന്ന് പാർവ്വതീദേവി പരമശിവനോടാവശ്യപ്പെടുമ്പോൾ പാർവ്വതിയുടെ അപേക്ഷ കൈക്കൊണ്ട് പരമശിവൻ സംഗീതോല്പത്തിയെ വിവരിച്ചുകൊടുക്കുന്ന സന്ദർഭം വിവരിച്ചിട്ടുണ്ട്. അതിപ്രകാരമാണ്.

"ഹേ പാർവ്വതീ, ഞാൻ സംഗീതത്തെപ്പറ്റിപ്പറയുന്നത് ശ്രദ്ധിച്ചു കേട്ടുകൊൾക. സകല ലോകത്തിനും ആനന്ദത്തെ നല്കുന്നതിനായി ഞാൻ എന്റെ അഞ്ച് മുഖങ്ങളിൽ നിന്നും പഞ്ചഭൂതങ്ങളേയും സംഗീതത്തിനടിസ്ഥാനമായ സപ്തസ്വരങ്ങളേയും സൃഷ്ടിച്ചു. 'സദ്യോജാതം' എന്ന എന്റെ മുഖത്തിൽ നിന്ന് ഭൂമിയേയും ഗാന്ധാര സ്വരത്തേയും സൃഷ്ടിച്ചു. ആ ഭൂമിയിൽ നിന്ന് ചർമ്മ വാദ്യങ്ങളുണ്ടായി. 'വാമദേവം' എന്ന എന്റെ മുഖത്തിൽ നിന്നും ഞാൻ ജലത്തേയും ധൈവത സ്വരത്തേയും സൃഷ്ടിച്ചു. ആ

ജലത്തിൽ നിന്ന് ശംഖുപോലുള്ള വാദ്യങ്ങൾ ഉണ്ടായി. 'അഘോരം' എന്ന മുഖത്തിൽ നിന്ന് അഗ്നിയേയും ഷഡ്ജ-ഋഷഭ സ്വരങ്ങളേയും സൃഷ്ടിച്ചു. ആ അഗ്നിയിൽ നിന്ന് വെങ്കലം പോലെയുള്ള ലോഹങ്ങൾ കൊണ്ടുള്ള വാദ്യങ്ങൾ ഉണ്ടായി. 'തത്പുരുഷം' എന്ന എന്റെ മുഖത്തിൽ നിന്നും വായുവും പഞ്ചമസ്വരവും സൃഷ്ടിച്ചു. ആ വായുവിൽ നിന്ന് സുഷിരവാദ്യങ്ങളുണ്ടായി. 'ഈശാനം' എന്ന എന്റെ മുഖത്തിൽ നിന്നും ആകാശവും നിഷാദ-മധ്യമ സ്വരങ്ങളും സൃഷ്ടിക്കപ്പെട്ടു. ആ ആകാശത്തിൽ നിന്ന് വീണ പോലുള്ള തന്ത്രിവാദ്യങ്ങൾ ഉണ്ടായി. സംഗീതത്തിന്റെ മൂല കാരണം ഞാൻ തന്നെയെന്ന് ദേവിയറിഞ്ഞുകൊൾക".

മേൽപ്പറഞ്ഞ വസ്തുതയെ അവലംബിച്ചാണ് ത്യാഗരാജസ്വാമികൾ 'നാദതനുമനിശം' എന്ന 'ചിത്തരഞ്ജനി' രാഗകൃതിയിൽ 'നാദതനുമനിശം ശങ്കരം നമാമിമേ മനസാ ശിരസാ' എന്നും ചരണത്തിൽ സദ്യോജാതി പഞ്ചവക്ത്രജ സരിഗമപധനി വര സപ്തസ്വര' എന്നും പറഞ്ഞുവച്ചിട്ടുള്ളത്. അതിലെ ആദ്ധ്യാത്മികതയ്ക്ക് അഥവാ അതുമായി ബന്ധപ്പെടുത്തുന്ന വസ്തുതകൾ എത്ര വേണമെങ്കിലും നിരത്താനാവും. എത്ര ആധുനികതയെ പരാമർശിച്ചാലും ശരി ഈ ആദ്ധ്യാത്മികതയിലൂന്നിയല്ലാതെ ഭാരതീയ സംഗീതം വളർന്ന ചരിത്രം നമുക്ക് വേറെ ദർശിക്കാനാവില്ല. കർണാടക സംഗീതത്തിന്റെ ഉന്നത ശ്രേണിയിൽ വിരാജിക്കുന്നുവെന്ന് അവകാശപ്പെടുന്ന ടി.എം. കൃഷ്ണയും സമാനചിന്താഗതിയുള്ളവർക്കും അവരുടെ പാട്ടിൽ ഭക്തിക്കും ആദ്ധ്യാത്മികതയ്ക്കും സ്ഥാനമില്ലെന്ന് അവകാശപ്പെടുമ്പോഴും അവരുടെ നാദവൈഭവത്തെ പ്രകടിപ്പിക്കാൻ എല്ലായ്പോഴും സംഗീതത്രിമൂർത്തികളടക്കമുള്ളവരുടെ ആദ്ധ്യാത്മികതയും ഭക്തിയും വഴിഞ്ഞൊഴുകുന്ന കൃതികളെത്തന്നെ ആശ്രയിക്കേണ്ടി വരുന്നു എന്നത് വിരോധാഭാസം തന്നെ.

പുരന്ദരദാസർക്ക് സമകാലീനരായിട്ടുള്ള ഇരുന്നൂറിൽപ്പരം ഹരിദാസന്മാരുടെ ആദ്ധ്യാത്മികതയിലൂന്നിയ നാദോപാസനയുടെ ചരിത്രം പരിശോധിച്ചാൽ സംഗീതവും ആദ്ധ്യാത്മികതയും തമ്മിലുള്ള ഇഴയടുപ്പം കുറേക്കൂടി വ്യക്തമാവും. വൈഷ്ണവ പ്രസ്ഥാനത്തിന്റെ വളർച്ചയും ഭജന സംഘങ്ങളിലൂടെയാണ് ഉണ്ടായിട്ടുള്ളത്. അപ്പർ, തിരുജ്ഞാനസംബന്ധർ തുടങ്ങിയ ശൈവരുടെ ഭക്തി പ്രബന്ധങ്ങളുടെ വഴിയും ഈ ആദ്ധ്യാത്മികത തന്നെ. അതിന്റെ പിന്തുടർച്ചയായാണ് 'സമ്പ്രദായ ഭജന'യും 'ഹരികഥാകാലക്ഷേപ'വുമെല്ലാം വളർച്ച പ്രാപിച്ചിട്ടുള്ളത്. ഭാരതീയ ക്ഷേത്ര സങ്കല്പങ്ങളും ക്ഷേത്ര പരിസരങ്ങളുമെല്ലാം സംഗീതത്തിലെ ആദ്ധ്യാത്മികതയ്ക്ക് മാറ്റുകൂട്ടുകയാണുണ്ടായിട്ടുള്ളത്. നിരന്തരം തീർത്ഥാടനത്തിൽ ഏർപ്പെട്ടിരുന്ന ഹരിദാസന്മാരും മുത്തുസ്വാമി ദീക്ഷിതരും ത്യാഗരാജരും തുടങ്ങി പാപനാശം ശിവൻ വരെയുള്ളവരുടെ കൃതികൾ നമുക്ക് നൽകിയ മഹത്തായ സംഗീതത്തിന്റെ പൊരുളുകളിൽ നിറഞ്ഞു നിൽക്കുന്ന തത്രയും ഭാരതീയ പൈതൃകത്തിന്റെ ആദ്ധ്യാത്മികാംശമാണ്. ●

# ശ്രീരഞ്ജിനിക്ക് അംഗീകാരം




2019 ലെ "ഗുരു ചെങ്ങന്നൂർ സ്മാരക കലാസാഹിത്യ പുരസ്കാരം, കാവാലം നാരായണപ്പണിക്കർ സ്മാരക സംഗീതസാഹിത്യ പുരസ്കാരം എന്നിവ പ്രശസ്ത കർണാടക സംഗീതജ്ഞയും എഴുത്തുകാരിയുമായ ശ്രീമതി. ശ്രീരഞ്ജിനി എൽ. മാന്നാറിന് ലഭിച്ചു. നിരവധി അവാർഡുകളും ആദരവുകളും ഏറ്റുവാങ്ങിയിട്ടുള്ള ശ്രീരഞ്ജിനി 'പമ്പ', 'താരാട്ട്' എന്നീ കവിതാ സമാഹാരങ്ങളും 'അമൃതവർഷിണി' എന്ന ലഘു നോവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംഗീത വേദികളിലും കവിയരങ്ങുകളിലും സജീവമായി പങ്കെടുക്കുന്നു.

# കർണ്ണാടക സംഗീതം– ആസ്വാദനം, ഒരു പഠനം

6



പി. വിജയാംബിക

*അയം നിജഃ പരോവേതി*
*ഗണനാ ലഘു ചേതസാം*
*ഉദാരചരിതാനാതു*
*വസുധൈവ കുടുംബകം*

മേലുദ്ധരിച്ച മഹോപനിഷദ് സൂക്തം സംഗീതത്തെക്കുറിച്ച് ഏറെ പ്രസക്തമാണ്. സങ്കുചിത മനസ്കരുടേതുപോലെ എന്റേത്, നിന്റേത് എന്നുള്ള ചിന്തകളില്ലാതെ ഉദാരചരിതർക്ക് ഈ ഭൂമി തന്നെ സ്വന്തം കുടുംബമാണ്, എന്നതുപോലെ സംഗീതത്തിനും യാതൊരു അതിർ വരമ്പുകളുമില്ല. സാർവ്വലൗകികമായ സംഗീതം ദേശാകാലാതീതമാണ്. പ്രത്യേകിച്ച് നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന വൈവിദ്ധ്യമാർന്ന ഭാരത സംസ്കാരധാരയിൽ ക്ഷീര-നീരന്യായേണ (ജലം കലർന്ന പാലിൽ നിന്നും ഹംസം പാലു മാത്രം വേർതിരിച്ചെടുക്കും പോലെ) ഏതു സംസ്കാരത്തിൽ നിന്നും നന്മ മാത്രം വേർതിരിച്ചെടുത്തു സ്വായത്തമാക്കുന്ന ചരിത്രം മാത്രമാണുള്ളത്.

ഔത്തരാഹ്യ സംഗീതത്തിലെ പേർഷ്യൻ, മുഗൾ, സൂഫി തുടങ്ങിയ വൈദേശിക സംഗീത ധാരകളുടെ സ്വാധീനം കൊണ്ട് സംഗീത-സാഹിത്യാദികളിലുണ്ടായ രൂപ പരിണാമങ്ങളോടെ ഹിന്ദുസ്ഥാനി സംഗീതധരണി ഉദയം കൊള്ളുകയും ഇന്നത്തെ നിലയിലെത്തി നിൽക്കുകയും ചെയ്യുമ്പോൾ, ഭൂമിശാസ്ത്രപരമായ വേർതിരിവുകൊണ്ടാവാം ദക്ഷിണാത്യ സംഗീതം ഒരു പരിധിവരെ പഴമയിലും പാരമ്പര്യത്തിലും ഉറച്ചു നിൽക്കുന്നത്.

എന്നാൽ രണ്ടു നൂറ്റാണ്ടിലേറെ ഭാരതത്തിൽ ആധിപത്യം സ്ഥാപിച്ചിരുന്ന പാശ്ചാത്യരുടെ സംഗീതത്തിന്റെ സ്വാധീനം കർണ്ണാടക സംഗീതശാഖയിൽ ഒരു പ്രത്യേക സംഗീതരൂപത്തിനു തന്നെ കാരണമായി. സംഗീത ത്രിമൂർത്തികളിൽ ഒരാളായിരുന്ന മുത്തുസ്വാമി ദീക്ഷിതരാണ് നോട്ടു സ്വരം എന്ന ഈ സംഗീത രൂപത്തിന്റെ ഉപജ്ഞാതാവ്.

മുത്തുസ്വാമി ദീക്ഷിതരുടെ പിതാവ് മഹാപണ്ഡിതനും ഹംസധ്വനി രാഗത്തിന്റെ കർത്താവുമായിരുന്ന സംഗീതജ്ഞൻ രാമസ്വാമി ദീക്ഷിതർ കുടുംബസമേതം തഞ്ചാവൂർ ജില്ലയിലെ തിരുവാരൂരിലാണ് താമസിച്ചിരുന്നത്. അദ്ദേഹം നിത്യേന തിരുവാരൂരിലെ ത്യാഗരാജസ്വാമി ക്ഷേത്രത്തിൽ പൂജാവേളയിൽ ഭജന ചെയ്യുന്ന പതിവുണ്ടായിരുന്നു. ഒരുദിവസം മദിരാശിക്കു സമീപമുള്ള 'മണലി' എന്ന പ്രദേശത്തെ ജമീന്ദാർ മുത്തുകൃഷ്ണ മുതലിയാർ ക്ഷേത്രദർശനത്തിനായി എത്തിയപ്പോൾ രാമസ്വാമി ദീക്ഷിതരുടെ ഭജന കേൾക്കാൻ ഇടവരികയും അമൃതനിഷ്യന്തിയായ ആ സംഗീതധാരയിൽ ഹഠാദാകൃഷ്ടനാവുകയും ചെയ്തു. തികഞ്ഞ കലാസ്വാദകനും കലാപരിപോഷകനുമായ ജമീന്ദാർ രാമസ്വാമി ദീക്ഷിതരെ തന്റെ ജമീന്ദാരിയിലേക്ക് ക്ഷണിക്കുകയും ക്ഷണം സ്വീകരിച്ച് കുടുംബസമേതം മണലിയിലെത്തിയ രാമസ്വാമി ദീക്ഷിതരെ അവിടെ ആസ്ഥാനവിദ്വാനായി നിയമിക്കുകയും ചെയ്തു. മണലിയിൽ ദീക്ഷിതർ കുടുംബം ജമീന്ദാരുടെ ആതിഥ്യമര്യാദയിൽ സുഖമായി ജീവിച്ചു. മുത്തുകൃഷ്ണ മുതലിയാരുടെ പുത്രൻ വെങ്കിടകൃഷ്ണ മുതലിയാരും സംഗീതപിരോഷണത്തിൽ വളരെയേറെ തല്പരനായിരുന്നു. വെങ്കിടകൃഷ്ണ മുതലിയാർക്ക് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്. ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ ദ്വിഭാഷിയായി പ്രവർത്തിച്ചിരുന്ന മുതലിയാർക്ക് കമ്പനി ആസ്ഥാനമായ സെന്റ് ജോർജ്ജ് കോട്ടയിലേക്ക് ഇടയ്ക്കിടെ പോകേണ്ട ആവശ്യം ഉണ്ടായിരുന്നു. അവിടെ പതിവായി കമ്പനി പട്ടാളത്തിന്റെ മാർച്ച് പാസ്റ്റ് ഉണ്ടാകാറുണ്ട്. മുതലിയാർ പലപ്പോഴും ദീക്ഷിതർ സഹോദരങ്ങളെ കോട്ടയിലേക്ക് തന്നോടൊപ്പം കൂട്ടിക്കൊണ്ടു പോകാറുണ്ടായിരുന്നു. അവിടെ വച്ച് അവർക്ക് സൈനിക അണികളുടെ പാശ്ചാത്യ ബാൻഡ് സംഗീതം കേൾക്കാൻ ഇടവന്നു. അവിടെ വച്ച് അവർക്ക് ഡ്രംസ്, ബാഗ്പൈപ്സ്, ഫ്ളൂട്ട് മുതലായ സംഗീത ഉപകരണങ്ങളോടെ വളരെ ലളിതമായ സൈനിക അണികളുടെ മാർച്ചിന്റെ അകമ്പടി

യായുള്ള ബാൻഡ് സംഗീതം, ഐറിഷ് ബാൻഡിന്റെ 'യൂറോപ്യൻ എയർസ്', കെൽറ്റിക് ജനവർഗ്ഗം കൈകാര്യം ചെയ്തിരുന്ന മാർച്ചിന്റെ അകമ്പടിയായുള്ള സംഗീതം, തുടങ്ങിയ പാശ്ചാത്യ സംഗീതരൂപങ്ങൾ, ബ്രിട്ടീഷ് ദേശീയഗാനം, മറ്റു നാടോടി ഗാനരൂപങ്ങൾ ഇവയുമായി പരിചയപ്പെടുവാൻ അവസരം ലഭിച്ചു.

തന്റെ ഗുരുനാഥൻ ചിദംബരനാഥയോഗിയുമായുള്ള കാശിയിലേക്കുള്ള യാത്രക്കിടയിലും പിന്നീട് അദ്ദേഹത്തോടൊപ്പം കാശിയിൽ കഴിഞ്ഞിരുന്ന ആറു വർഷക്കാലം കൊണ്ടും ഹിന്ദുസ്ഥാനി സംഗീതം അഭ്യസിച്ച മുത്തുസ്വാമി ദീക്ഷിതർ ഹിന്ദുസ്ഥാനി സംഗീതത്തിലെ ജയ് ജയ് വന്തി (ദ്വിജാവന്തി), യമുനാ കല്യാണി മുതലായ പല രാഗങ്ങളേയും തന്റെ കൃതികളിലൂടെ കർണ്ണാടക സംഗീതത്തിന്റെയും കൂടി സ്വന്തമാക്കിയിട്ടുണ്ട്.

പാശ്ചാത്യ സംഗീത രൂപങ്ങളുമായി സമ്പർക്കത്തേയും ദീക്ഷിതർ വേണ്ടവിധം പ്രയോജനപ്പെടുത്തി. പാശ്ചാത്യ സംഗീതത്തിന്റെ സ്കെയിൽ എന്ന ആശയത്തെ സ്വാംശീകരിച്ച് ഭാരതീയ സംഗീത സംസ്കൃതിയിലേക്ക് ആവാഹിച്ച് മുത്തുസ്വാമി ദീക്ഷിതർ രൂപപ്പെടുത്തിയ ലളിതമായ സംഗീതരൂപമാണ് നോട്ടുസ്വരം അഥവാ നൊട്ടുസ്വരം. Note എന്ന ഇംഗ്ലീഷ് വാക്കിന് സ്വരം എന്ന അർത്ഥമുണ്ട്. പാശ്ചാത്യ സംഗീതത്തിലെ മേജർ 'C' സ്കെയിലിൽ, ഗീതങ്ങളെപ്പോലെ തന്നെ പല്ലവി, അനുപല്ലവി എന്ന വിഭാഗങ്ങളൊന്നുമില്ലാതെ പാശ്ചാത്യമായ ധാതു (സ്വരം) വിന് ഭാരതീയമായ, പല ക്ഷേത്രങ്ങളിലെയും ദേവീദേവന്മാരെ പ്രകീർത്തിച്ചുകൊണ്ട് സംസ്കൃത ഭാഷയിലുള്ള അത്യുജ്ജ്വലമായ മാതു (സാഹിത്യം) വിൽ മുത്തുസ്വാമി ദീക്ഷിതർ രചിച്ചിട്ടുള്ള വരെ ലളിതമായ സംഗീതരൂപമാണ് നോട്ടുസ്വര സാഹിത്യം. അതിലുപയോഗിച്ചിട്ടുള്ള താളങ്ങളും ത്രിശ്രം, ചതുരശ്രം മുതലായ ലളിതമായ ഗതികളാണ് മദ്ധ്യമകാലത്തിൽ പാടാൻ പറ്റിയവയാണ്. താളത്തിൽ ലഘു എന്ന അംഗം മാത്രമേ പ്രയോഗിച്ചു കാണുന്നുള്ളൂ. കർണ്ണാടക സംഗീതത്തിലെ 29-ാം മേളകർത്താ രാഗമായ ധീരശങ്കരാഭരണത്തിലെ പ്ലെയിൻ സ്വരസ്ഥാനങ്ങളാണ് മേജർ 'സി' സ്കെയിലിലുള്ളത്. ഹിന്ദുസ്ഥാനി സംഗീതശാഖയിൽ ഇതിനു സമാനമായ രാഗം 'ബിലാവൽ ധാട്ട്' ആണ്.

മിക്കവാറും എല്ലാ നോട്ടുസ്വര സാഹിത്യത്തിലും 'ഗുരുഗുഹ' എന്ന ദീക്ഷിതരുടെ വാഗ്ഗേയകാരമുദ്രയും പലതിലും സ്ഥലനാമമുദ്രയും കാണുന്നുണ്ട്. വലിയ സ്വരസഞ്ചാരങ്ങളൊന്നുമില്ലാതെ ഷഡ്ജം, ഗാന്ധാരം, മധ്യമം, പഞ്ചമം എന്നീ ഗ്രഹസ്വരങ്ങളിലാരംഭിച്ച്, ജണ്ഡ, ധാട്ടു സ്വരപ്രയോഗങ്ങൾ, ആരോഹണാവരോഹണക്രമങ്ങൾ, ഷഡ്ജ-പഞ്ചമങ്ങൾക്കിടയിലുള്ള സംവാദി സ്വരപ്രയോഗങ്ങൾ, ത്രിപുച്ഛസ്വരപ്രയോഗം, സ്വരാക്ഷര പ്രയോഗം ഇങ്ങനെ വൈവിധ്യമാർന്ന സ്വരപ്രയോഗങ്ങളും സ്വരശൈലീ ഭേദങ്ങളും കൊണ്ടു സമ്പുഷ്ടമായ രണ്ടു മുതൽ പന്ത്രണ്ടു വരികൾ വരെ മാത്രം അടങ്ങുന്ന പദ്യരൂപത്തിലുള്ള ഈ ലളിതമായ സംഗീതസരണി മുത്തുസ്വാമി ദീക്ഷിതരുടെ അപാരമായ സംഗീത ശാസ്ത്ര പാടവവും ഗഹനമായ പാണ്ഡിത്യവും പ്രകടമാക്കുന്നതാണ്. ചിലതിലൊക്കെ ഒരിക്കൽ പ്രയോഗിച്ച സ്വരപ്രയോഗങ്ങൾ ആവർത്തിച്ചു



കാണുന്നുണ്ട്. ഇങ്ങനെ പല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് രചിച്ച ഏകദേശം നാല്പതോളം നൊട്ടുസ്വര സാഹിത്യം ദീക്ഷിതരുടേതു മാത്രമായി കാണുന്നുണ്ട് എന്നുള്ളത് അത്ഭുതാവഹമാണ്.

അതിവിദഗ്ദ്ധനായ വീണാവാദകനായ മുത്തുസ്വാമി ദീക്ഷിതരുടെ ശാസ്ത്രീയതയും ലാവണ്യതയും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള സംഗീതരചനകളിലൊക്കെയും അതിവൈശിഷ്ട്യത്തോടെ ദശവിധഗമകങ്ങൾ തുടങ്ങിയ ആലങ്കാരിക പ്രയോഗങ്ങൾ സമർത്ഥമായി ഉപയോഗിച്ചിട്ടുണ്ട്. വിളംബകാലത്തിലുള്ള ദീക്ഷിതർ കൃതികളുടെ പ്രത്യേകത തന്നെ രാഗച്ഛായ മുഴുവനായും പ്രകടമാക്കും വിധമുള്ള ഗമക പ്രയോഗങ്ങളാണ്. എന്നാൽ ദീക്ഷിതർ തന്നെ അതിനു വിപരീതമായി ഗമകങ്ങൾ തീർത്തും ഒഴിവാക്കിക്കൊണ്ട് പ്ലയിൻ സ്വരങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട് നടത്തിയിട്ടുള്ള രചനകളാണ്

നൊട്ടു സ്വര സാഹിത്യം.

ബ്രിട്ടീഷ് ബാൻഡുമായി പരിചയപ്പെടാനുള്ള അവസരവും അങ്ങനെ പാശ്ചാത്യ സംഗീതോപകരണങ്ങളെക്കുറിച്ചുള്ള അറിവും ലഭിച്ചതോടെ മുത്തുസ്വാമി ദീക്ഷിതരുടെ സഹോദരൻ ബാലുസ്വാമി ദീക്ഷിതർ പാശ്ചാത്യ സംഗീതോപകരണമായ വയലിനിൽ ആകൃഷ്ടനായി. ജമീന്ദാർ ഏർപ്പാടു ചെയ്ത വിദേശിയായ അദ്ധ്യാപകനിൽ നിന്നും വയലിൻ വാദനം അഭ്യസിച്ച് അതിൽ പ്രാവീണ്യം നേടി. പിന്നീട് ബാലുസ്വാമി ദീക്ഷിതരാണ് വയലിൻ എന്ന പാശ്ചാത്യ സംഗീതോപകരണത്തെ കർണ്ണാടക സംഗീതത്തിന് ഇണങ്ങും വിധം പരിഷ്കരിച്ച് ഭാരതീയമാക്കിയത്. അതോടെ ഇന്ന് വയലിൻ എന്ന സംഗീതോപകരണം കർണ്ണാടക സംഗീതക്കച്ചേരികളിൽ അവിഭാജ്യ ഘടകമായി മാറിക്കഴിഞ്ഞു. സഹോദരനു വയലിനിൽ സാധകം ചെയ്തു അഭ്യസിക്കാനായി മുത്തുസ്വാമി ദീക്ഷിതർ രചിച്ചതാണ് നൊട്ടുസ്വരസാഹിത്യം എന്നു പറയപ്പെടുന്നു.

നൊട്ടുസ്വര സാഹിത്യത്തിലെ സംസ്കൃതത്തിലുള്ള സാഹിത്യ ഭാഗം സാധാരണ പദ്യം പോലെ തുടർച്ചയായി മദ്ധ്യമകാലത്തിൽ പാടിപ്പോകാവുന്നതാണ്. അപൂർവ്വം ചിലവ ആവർത്തിച്ചു പാടാറുണ്ട്. രണ്ടു മുതൽ പന്ത്രണ്ടു വരെ വരികളോടുകൂടിയവയാണ് ഈ സാഹിത്യഭാഗം. എന്നാൽ ഈ ചുരുങ്ങിയ വരികൾക്കുള്ളിൽത്തന്നെ എല്ലാ സാഹിത്യ അലങ്കാരങ്ങളും ഉൾപ്പെടുത്താൻ ദീക്ഷിതർ ശ്രദ്ധിച്ചിട്ടുണ്ട്. അതിവിദഗ്ദ്ധമായി പ്രയോഗിച്ചിട്ടുള്ള ആദ്യാക്ഷര, അന്ത്യാക്ഷര, ദ്വിതീയാക്ഷര പ്രാസങ്ങൾ, അനുപ്രാസം തുടങ്ങിയവയ്ക്കൊപ്പം ചില സ്ഥലങ്ങളിൽ സ്വരാക്ഷര പ്രയോഗവും കാണുന്നുണ്ട്. ചില വയിൽ ദീക്ഷിതർ കൃതികളിൽ സാധാരണ കാണുന്ന മദ്ധ്യമകാല സാഹിത്യത്തെ അനുസ്മരിപ്പിക്കും വിധം അവസാനത്തിൽ ദ്രുതകാലത്തിലുള്ള പ്രയോഗങ്ങളും കാണാം. സാധാരണയായി ദീക്ഷിതർ കൃതികളിൽ എന്ന പോലെ തന്നെ സാഹിത്യ ഭംഗി മുഴുവനായും പ്രകടമാക്കാൻ ഛന്ദഃശാസ്ത്രത്തിലെ എല്ലാവിധ അലങ്കാര പ്രയോഗങ്ങളും നൊട്ടുസ്വരസാഹിത്യത്തിന്റെ രചനാവൈഭവത്തിലും ദീക്ഷിതർ കൈക്കൊണ്ടിട്ടുണ്ട്.

നോട്ടുസ്വരത്തിൽ പൊതുവായി ധീരശങ്കരാഭരണത്തിന്റെ സ്വരസ്ഥാനമാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും വളരെ അപൂർവ്വമായി കൈശികി നിഷാദവും പ്രതിമദ്ധ്യമവും അന്യസ്വരമായി പ്രയോഗിച്ചു കാണുന്നു. അതേപോലെ നോട്ടു സ്വരങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു സമ എടുപ്പിലാണെങ്കിലും അതീത എടുപ്പിലും അനുഗത എടുപ്പിലും ചിട്ടപ്പെടുത്തിയിട്ടുള്ള നോട്ടു സ്വരങ്ങളും അപൂർവ്വമായി ഉണ്ട്.


പ്രസിദ്ധങ്ങളായ പല യൂറോപ്യൻ ഈണങ്ങളിലും, ബ്രിട്ടീഷ് ദ്വീപുകളിലെ നാടോടി ശീലുകളിലും നൊട്ടുസ്വരം രചിച്ചിട്ടുണ്ട്. 'ഗോഡ് സേവ് ദ കിംഗ്' എന്ന ബ്രിട്ടീഷ് ദേശീയ ഗാനത്തിന്റെ ഈണത്തിലാണ് 'സന്തതം പാഹിമാം സംഗീത ശ്യാമളേ' രചിച്ചിരിക്കുന്നത്. മറ്റു പല ഇംഗ്ലീഷ് പാട്ടുകളുടെ ഈണങ്ങളിലും നോട്ടു സ്വരങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. 'ശ്യാമളേ മീനാക്ഷീ' പോലെ നഴ്സറി റൈമിന്റെ ഈണത്തിൽ രചിച്ചവയും ഉണ്ട്. ഇംഗ്ലീഷ്, മലയാളം മറ്റു ഭാരതീയ ഭാഷകൾ ഇവയിലുള്ള നഴ്സറി പാട്ടുകൾക്കൊപ്പം മുത്തുസ്വാമി ദീക്ഷിതരുടെ നോട്ടു സ്വരങ്ങളും ഉൾപ്പെടുത്താൻ പറ്റിയവയാണ്.

കർണ്ണാടക സംഗീതത്തിന്റെ ചിട്ടയായ പാഠ്യപദ്ധതിയുടെ ഉപജ്ഞാതാവ് സംഗീത പിതാമഹൻ ശ്രീ പുരന്തരദാസ് ജീവിച്ചിരുന്നത് പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 16-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലുമാണ്. ആ പാഠ്യപദ്ധതി തന്നെയാണ് ഇന്നും നില നിന്നു പോകുന്നത്. എന്നാൽ 1775 ൽ ജനിച്ച മുത്തുസ്വാമി ദീക്ഷിതർ ബ്രിട്ടീഷ് ആധിപത്യ കാലത്ത് ജീവിച്ചിരുന്നതിനാൽ പാശ്ചാത്യ സംഗീതവുമായി സമ്പർക്കമുണ്ടാകുവാൻ അവസരം ലഭിക്കുകയും അതിനെ വേണ്ടുംവിധം പ്രയോജനപ്പെടുത്തി അദ്ദേഹം 'നോട്ടുസ്വര സാഹിത്യം' എന്ന ഒരു നവ സംഗീത സരണി ഉദയം കൊള്ളുന്നതിന് കാരണഭൂതനാവുകയും ചെയ്തു. വളരെ ലളിതവും എന്നാൽ കൃത്യമായ ചട്ടക്കൂടിനുള്ളിലുള്ളതുമായ ഈ രചനകൾ സംഗീത വിദ്യാർത്ഥികൾക്ക് പാശ്ചാത്യ ഈണങ്ങളെക്കുറിച്ച് ഒരു ചെറിയ ധാരണ ഉണ്ടാകുവാനും, ശങ്കരാഭരണ രാഗത്തിന്റെ സ്വരസ്ഥാനം മനസ്സിലാക്കുവാനും ധാതു-മാതു ബന്ധം മനസ്സിലാക്കുവാനും ഏറെ സഹായകമാകും. അതിനാൽ അഭ്യാസ ഗാനങ്ങളായ ഗീതം, ജതിസ്വരം, സ്വരജതി ഇവയോടൊപ്പം നോട്ടു സ്വരസാഹിത്യ പഠനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അഭികാമ്യമായിരിക്കും. കേരളത്തിനു വെളിയിലുള്ള പല സംഗീത വിദ്യാലയങ്ങളിലും നോട്ടുസ്വരസാഹിത്യം പാഠ്യവിഷയമാക്കിയിട്ടുണ്ടെങ്കിലും കേരളത്തിൽ സംഗീത വിദ്യാലയങ്ങളിലും കലാശാലകളിലും മുത്തുസ്വാമി ദീക്ഷിതരുടെ ഈ അപൂർവ്വവും അനുപമവുമായ സംഗീതരൂപം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യതയാണ്.

(തുടരും)

# "എന്തരോ മഹാനുഭാവലു"

പ്രശസ്ത കാഥികൻ എസ്സ്.എസ്സ് ഉണ്ണിത്താന്റെ കൂടെ സഹകരിക്കുമ്പോഴാണ് ഒരിക്കലും മറക്കാനാകാത്ത ഒരനുഭവമുണ്ടായത്. 1966 ൽ കേന്ദ്രഫീൽഡു പബ്ലിസിറ്റി വകുപ്പിനുവേണ്ടി ഞങ്ങൾ തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ തുടർച്ചയായി കഥാപ്രസംഗ പരിപാടികൾ നടത്തിവരികയായിരുന്നു. പൂമുള്ളി മനയിലായിരുന്നു അന്നത്തെ പരിപാടി മനയ്ക്കകത്തുതന്നെയാണു വേദി. രാത്രി പത്തുമണിയോടുകൂടിയാണ് പരിപാടി അവസാനിച്ചത്. രാത്രിയിൽ തങ്ങുന്നതിനു അവിടെത്തന്നെ ഒരു മുറി ഞങ്ങൾക്കു ശരിപ്പെടുത്തിത്തന്നു.



പി.കലേശൻ

വെളുപ്പിനെ നാലരമണിയായിക്കാണും മനയിലെ പലമുറികളിലും പെട്ടെന്ന് ലൈറ്റുകൾ തെളിഞ്ഞു, അടക്കിപ്പിടിച്ച സംസാരങ്ങൾ കേൾക്കുന്നുണ്ട്. ഞങ്ങൾ മുറിക്ക് പുറത്തുവന്ന് നോക്കി. കുറച്ചാളുകൾ ധൃതിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. വിവരം തിരക്കിയപ്പോൾ ഒരാൾ പറഞ്ഞു.

ഭാഗവതർ എത്തിയിട്ടുണ്ട്. നിർമ്മാല്യം തൊഴാൻ അദ്ദേഹം അമ്പലത്തിലേക്ക് വരുന്നു. അതിനുവേണ്ടി ഒരുക്കം ഞങ്ങൾ ചെയ്യുകയാണ്. അപ്പോഴും ഞങ്ങൾക്ക് ആരാ വന്നിരിക്കുന്നതെന്ന് മനസ്സിലായില്ല. ഞങ്ങൾ ഒന്നുകൂടി ചോദിച്ചു.

''ഏത് ഭാഗവതരാണ്'' രൂക്ഷമായി ഒന്നു നോക്കിയിട്ട് ഒരാൾ ഞങ്ങളോടു ചോദിച്ചു

ചെമ്പൈ വൈദ്യനാഥഭാഗവതരെപ്പറ്റി കേട്ടിട്ടില്ലേ ഞങ്ങൾ സ്തബ്ദരായി നിന്നുപോയി. എന്തുചെയ്യണമെന്നോ എന്തുപറയണമെന്നോ അറിയാത്ത അവസ്ഥ. കുട്ടിക്കാലം മുതൽ സംഗീത ചക്രവർത്തിയായ ചെമ്പൈവൈദ്യനാഥഭാഗവതരെ ആരാധിക്കുന്ന ഒരു എളിയ സംഗീതപ്രേമിയാണു ഞാൻ ഒന്നു രണ്ടു തവണ ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിൽ സംഗീതകച്ചേരി നടത്തുമ്പോൾ ആയിരത്തോളം വരുന്ന ശ്രോതാക്കളുടെ ഇടയിലിരുന്ന് അവ്യക്തമായി കണ്ടിട്ടുള്ളതല്ലാതെ ഇത്ര അടുത്ത് ആ സംഗീത സർവ്വ ഭൗമൻ എത്തിച്ചേരുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല.

ഈ സുവർണ്ണാവസരം പാഴാക്കരുതെന്ന് ഞങ്ങൾ തീരുമാനിച്ചു. ഞൊടിയിടയിൽ എല്ലാവരും കുളിച്ചു റെഡിയായി. പൂമുള്ളിമനയിലെ അന്നത്തെ കാരണവരും, പേരെടുത്ത ആന ചികിത്സകനുമായ രാമൻ നമ്പൂതിരിയെ സംഗീതം അഭ്യസിപ്പിച്ചത് ചെമ്പൈ സ്വാമിയാണ്. സംസ്കൃത പണ്ഡിതൻ കൂടിയായ അദ്ദേഹത്തെ ഇവിടെ താമസിച്ചാണ് സ്വാമി സംഗീതം പഠിപ്പിച്ചത്. പിന്നീട് ഇവിടെ വരുമ്പോഴെല്ലാം ഈ ക്ഷേത്രാങ്കണത്തിൽ കച്ചേരി നടത്തും. അതിനു ശേഷം ഗുരുവായൂർ അമ്പലത്തിൽ ദർശനം നടത്തിയശേഷമേ മടങ്ങിപ്പോകുകയുള്ളു. ഈ പതിവുതെറ്റിക്കാറില്ല. ഒരു കാര്യസ്ഥൻ ഞങ്ങളോടു പറഞ്ഞു.

പ്രൗഢഗംഭീരമായ കെട്ടിടസമുച്ചയമാണ് പൂമുള്ളി മന. നാലുചുറ്റും കൂറ്റൻ മതിലുകൾ. ചിത്രപ്പണികളോടുകൂടിയ പൂമുഖം പത്തായപ്പുരകളും വിശാലമായ നടുമുറ്റവും കുളങ്ങളും. തലയെടുപ്പോടെ നിൽക്കുന്ന മാളികകൾ. പ്രവേശന കവാടം കടന്നു ചെല്ലുമ്പോൾ ഒത്ത വലുപ്പത്തിൽ തടിയിൽ നിർമ്മിച്ച ഒരാനയുടെ രൂപമുണ്ട്. ഒറ്റ നോട്ടത്തിൽ അതിന് ജീവനുണ്ടന്നു തോന്നും. മനയുടെ പ്രതാപം വർദ്ധിപ്പിച്ചതും, ഐശ്വര്യം നിലനിർത്തിയതും വർഷങ്ങൾക്കു മുൻപ് അവിടെയുണ്ടായിരുന്ന ഒരു ആനയായിരുന്നുവത്രേ. ആ സ്മരണ നിലനിർത്താനാണ് അതിന്റെ അതേ അളവിലും ആകൃതിയിലുമുള്ള പ്രതിമ സ്ഥാപിച്ചത് കുടുംബത്തിലെ ഏറ്റവും മുതിർന്നയാളായ രാമൻനമ്പൂതിരിപ്പാട് ഗ്രാമത്തിന്റെ ഭരണാധികാരി കൂടിയാണ്. കുടുംബാംഗങ്ങൾ എല്ലാവരും സംഗീതത്തിലും, സംസ്കൃതത്തിലും, വൈദ്യത്തിലും പേരെടുത്തവരായിരുന്നു.

ശ്രീ ചെമ്പൈസ്വാമിയെ അടുത്തു കാണണമെന്നും അനുഗ്രഹം വാങ്ങണമെന്നും ഞങ്ങൾ അതിയായ ആഗ്രഹമുണ്ടായിരുന്നു എങ്കിലും അതിനുള്ള അവസരം ഉണ്ടാകുമോ എന്ന കാര്യത്തിൽ സന്ദേഹമുണ്ടായിരുന്നു. ഇത്രയും പേരും പെരുമയുള്ള അദ്ദേഹത്തിന് വെറും സാധാരണക്കാരായ ഞങ്ങളോടൊപ്പം ഈ തിരക്കുകൾക്കിടയിൽ അല്പസമയം ചെലവഴിക്കാൻ താത്പര്യമുണ്ടാകുമോ ?

കൃത്യം ഏഴുമണിയായപ്പോൾ ഞങ്ങൾ പതുക്കെ മാളികയുടെ ഗോവണി കയറിച്ചെന്നു. വിശാലമായ മുറി. ഒരു ചാരുകസേരയിൽ സാക്ഷാൽ ചെമ്പൈ വൈദ്യനാഥഭാഗവതർ വിശ്രമിക്കുകയാണ്. വീതി കസവുമുണ്ട് ഉടുത്തിട്ടുണ്ട്. ചുറ്റും അഞ്ചുപേർ ഭവ്യതയോടെ നിൽക്കുന്നു. കണ്ടപാടേ, പല്ലില്ലാത്ത മോണകാട്ടി ചിരിച്ചുകൊണ്ട് ഞങ്ങളോട് അകത്തു കടന്നിരിക്കുവാൻ ആഗ്യം കാണിച്ചു. ഞങ്ങൾ ഓരോരുത്തരുമായി അടുത്തു ചെന്ന് അദ്ദേഹത്തിന്റെ കാൽതൊട്ടു വന്ദിച്ചു. വലിയ വാത്സല്യത്തോടെ ഞങ്ങളുടെ ശിരസ്സിൽ കൈവെച്ച് അനുഗ്രഹിച്ചു. ഞങ്ങൾ ആരൊക്കെയാണെന്ന് സ്നേഹപൂർവ്വം അന്വേഷിച്ചു. കുറച്ചു നേരം സംസാരിച്ചിരുന്നു. ''ചായ കുടിച്ചോ'' എന്നു ചോദിച്ചു. കുടിച്ചെന്നു പറഞ്ഞപ്പോൾ ''എങ്കിൽ ഞാൻ ഇതു കുടിക്കട്ടെ" എന്നു പറഞ്ഞു കൊണ്ട് അടുത്തിരുന്ന ഒരു വെള്ളിക്കിണ്ടിയിലുണ്ടായിരുന്ന പാലു മുഴുവൻ ഒറ്റ വലിക്കു കുടിച്ചു തീർത്തു. അതിനുശേഷം, തന്റെ വരവിന്റെ ഉദ്ദേശം ഞങ്ങളോടു പറഞ്ഞു. തന്റെ ശബ്ദം ഒരിക്കൽ ഇല്ലാതായി. ധാരാളം ചികിത്സകൾ നടത്തി. പക്ഷേ ഫലിച്ചില്ല (ഫലിതപ്രിയനായ സ്വാമി ശബ്ദമില്ലാത്ത അവസ്ഥ ഞങ്ങളെ അഭിനയിച്ചു കാണിച്ചു തന്നു) ഗുരുവായൂർ ക്ഷേത്രത്തിൽ ഒത്തിരി നേർച്ചകൾ നേർന്നശേഷമാണ് ശബ്ദം തിരിച്ചുകിട്ടിയത്. അതിനുശേഷം എല്ലാ വർഷവും ഇതേ ദിവസം ഗുരുവായൂരിലെത്തി പുഷ്പാഞ്ജലിയും, കച്ചേരിയും മുടങ്ങാതെ നടത്താറുണ്ട്. അതിനുവേണ്ടി വരുമ്പോൾ തലേദിവസം മനയിൽ താമസിക്കുകയും, രാവിലെ ക്ഷേത്രദർശനം കഴിഞ്ഞ് ഒരു കച്ചേരി നടത്തുകയും ചെയ്യും.

അദ്ദേഹം ഇങ്ങനെ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ ഇതൊന്നും ശ്രദ്ധിക്കാതെ ഒരു പതിമൂന്നു വയസ്സുകാരൻ ആ വിശാലമായ മുറിയുടെ അങ്ങേയറ്റത്ത് ഇരുന്ന് മൃദംഗം സാധകം ചെയ്യുന്നുണ്ടായിരുന്നു. വളരെ മനോഹരമായി മൃദംഗം വായിക്കുന്ന ആ പയ്യനെ ഞങ്ങൾ ശ്രദ്ധിച്ചപ്പോൾ അദ്ദേഹം അല്പം അഭിമാനത്തോടെ ഞങ്ങളോട് പറഞ്ഞു ഇവനാണ് ഇന്ന് എന്റെ രണ്ടു കച്ചേരിക്കും മൃദംഗം വായിക്കുന്നത് ഞങ്ങൾ അതിശയിച്ചുപോയി. അദ്ദേഹത്തിനു വേണ്ടി സ്ഥിരമായി വായിക്കുന്ന പാലക്കാട്മണിഅയ്യർ, പഴനി സുബ്രഹ്മണ്യപിള്ള, പാലക്കാട് രഘു, ചൗഡയ്യ, ലാൽഗുഡി ജയരാമൻ തുടങ്ങിയ പരിചയസമ്പന്നരും, പ്രശസ്തരുമായ വിദ്വാന്മാരെ ഒഴിവാക്കി പകരം പതിമൂന്നു വയസ്സുമാത്രം പ്രായമുള്ള ഒരു കൊച്ചുകലാകാരന് ആ അവസരം നൽകുന്നതിലൂടെ അദ്ദേഹം കാണിക്കുന്ന ഹൃദയവിശാലതയാണ് ഞങ്ങളെ അത്ഭുതപ്പെടുത്തിയത്. ഇന്ന് കലാരംഗത്തുള്ള പലർക്കും ഇത്തരം സ്വഭാവഗുണങ്ങൾ ലവലേശമില്ല എന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഏതെങ്കിലും തരത്തിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ കഴിഞ്ഞകാലവും താൻ വന്ന വഴിയും മറക്കുന്നവരാണ് മിക്കവരും. ചെമ്പൈവൈദ്യനാഥഭാഗവതർ ഇത്തരക്കാരിൽ നിന്നും എത്ര വ്യത്യസ്ഥനായിരുന്നു എന്നു മനസ്സിലാക്കാൻ ഈ ഒരൊറ്റ സംഭവം മതിയാകും.

മറ്റൊന്നുകൂടി ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു. കോളേജിൽ ബെസ്റ്റ് ആക്ടർ ആയിരുന്ന ഒരു കലാകാരൻ ഞാൻ സഹകരിച്ചുകൊണ്ടിരുന്ന നാടകസമിതിയിൽ അദ്ദേഹത്തിനുകൂടി അവസരമുണ്ടാക്കികൊടുക്കണമെന്ന് എന്നോട് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഞാനും എന്റെ സഹപ്രവർത്തകനായ പൊന്നച്ചനും കൂടി സമിതിയുടെ ഉടമസ്ഥനോട് ഇക്കാര്യം പറഞ്ഞു. ഞങ്ങളുടെ ശുപാർശയെ മാനിച്ചു മാത്രം. അദ്ദേഹത്തെ സമിതിയിൽ ഉൾപ്പെടുത്തുകയും സാമാന്യം ഭേദപ്പെട്ട ഒരു വേഷം നൽകുകയും ചെയ്തു. ആ നടൻ തനിക്കു നല്കിയ വേഷം മികവുറ്റതാക്കുകയും ചുരുങ്ങിയ കാലം കൊണ്ട് ആസ്വാദകരുടെ പ്രശംസ നേടിയെടുക്കുകയും ചെയ്തു. അദ്ദേഹത്തെ നാടകസമിതിക്ക് പരിചയപ്പെടുത്തിയ എനിക്കും സുഹൃത്തിനും വലിയ സന്തോഷവും അഭിമാനവും തോന്നി.

തൃപ്രയാറിലുള്ള ഒരു സിനിമ തീയേറ്ററിൽ ആയിരുന്നു. അന്നത്തെ പരിപാടി. രാത്രി 9 മണിക്കു നാടകം തീർന്നു. ആഹാരം കഴിഞ്ഞു വിശ്രമിക്കുമ്പോൾ, കുറച്ചു ചെറുപ്പക്കാർ, ഈ നടനെ കാണാനും, പരിചയപപ്പെടാനും വന്നു. അദ്ദേഹത്തിന്റെ അഭിനയത്തെക്കുറിച്ച് വളരെയധികം പ്രശംസിച്ചു സംസാരിച്ചു. എങ്ങനെ ഈ നാടകസമിതിയിൽ എത്തിച്ചേർന്നു എന്നു ചോദിച്ചപ്പോൾ "കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ മൂന്നുവർഷം തുടർച്ചയായി ഏറ്റവും നല്ല നടനുള്ള അവാർഡു എനിക്കായിരുന്നു. എന്റെ അഭിനയം നേരിട്ടുകണ്ട നാടകകൃത്തും, നാടക സംവിധായകനും ഈ സമിതിയിലേക്കു എന്നെ നിർബന്ധിച്ചു ക്ഷണിക്കുകയായിരുന്നു". എന്നാണ് എന്റേയും പൊന്നച്ചന്റേയും മുമ്പിൽവെച്ച്, ഒരു ജാള്യതയുമില്ലാതെ അയാൾ തട്ടിവിട്ടത്. ഇതുകേട്ട് ഞങ്ങൾ വാ പൊളിച്ച് സ്തബ്ധരായി നിന്നു പോയി. "നന്ദികെട്ട മനുഷ്യാ നീയോ കലാകാരൻ" എന്ന അറിയാതെ ഞങ്ങൾ മനസ്സിൽ പറയുകയും ചെയ്തു. ഇത്തരം കലാകാരന്മാരുള്ള നാട്ടിൽ തന്നെയാണ് ചെമ്പൈ വൈദ്യനാഥ ഭാഗവതരെപ്പോലുള്ളവരും ജീവിച്ചിരുന്നത് എന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. ●






ഹരിപ്പാട് രവിപ്രസാദ്

# ചലനം-നാടകത്തിൽ

രംഗക്രിയകളിലൂടെ പ്രേക്ഷക മനംകവരാൻ കഴിയുന്ന നാടകങ്ങളാണ് സദസ്സിൽ നിന്ന് കയ്യടി വാങ്ങുന്നത്. നല്ല നാടകാവതരണത്തിന്റെ പ്രധാന ഘടകം ക്രിയാംശത്തിനാണ്. രംഗചലനങ്ങളുടെ ലക്ഷ്യവും ശക്തിയും വേഗതയും താളവും പ്രേക്ഷക മനസ്സുകൾക്കുണർവുണ്ടാകും. നിഷ്ക്രിയത്വം രംഗവേദിയെ നിർജീവമാക്കും. അതുകൊണ്ട് ചലനം നാടകം ആവശ്യപ്പെടുന്നു. സംഭാഷണവും ആംഗികവും താളാത്മകവുമായി പൊരുത്തപ്പെട്ടുവരുന്ന ചലനവും ആസ്വാദനത്തെ മാധുര്യമാക്കും. എന്നാൽ അസ്ഥാനത്തെ ചലനം അരോചകമുണ്ടാക്കും. നേരിയ ചലനങ്ങളിൽ പോലും ശ്രദ്ധയുണ്ടാക്കുവാൻ നടനു കഴിയണം. കഥയാവശ്യപ്പെടുന്ന നിശ്ചലാവസ്ഥയും ചലനമാണ്. അമിതമായ ചലനവും അവതരണത്തെ പ്രതികൂലമാക്കും.

ചിത്രകാരന്റെ ക്യാൻവാസിൽ കബോഡ് ചെയ്യുന്ന ചിത്രത്തിനേക്കുറിച്ച് ഒരു ധാരണയുണ്ട് (ബാലൻസ്, സിമട്രി, പ്രൊപ്പോർഷൻ, നിറങ്ങളുടെ പ്രയോഗം). അതുപോലെതന്നെ രംഗക്കാഴ്ചയിൽ പ്രേക്ഷകനെ ഇഷ്ടപ്പെടുത്തും വിധം കഥാപാത്രങ്ങളുടെ സ്ഥാനം വസ്ത്രധാരണത്തിലെ വർണബന്ധം, കോമ്പിനേഷൻ തുടങ്ങിയ കാര്യങ്ങളിൽ ഒരു സംവിധായകന്റെ അറിവും കൃത്യതയും ബോധ്യപ്പെടുത്തുമ്പോഴാണ് ഒരു മനോഹര നാടകമായി പ്രേക്ഷകരിലെത്തുകയുള്ളു. ഒരേനിലയിൽ നിന്നുകൊണ്ട് വളരെനേരം സംഭാഷണം നടത്തുമ്പോൾ പ്രേക്ഷകരിൽ വിരസതയുണ്ടാക്കും. ആംഗീക വാചിക സാത്വിക ചലനപ്പൊരുത്തം നാടകത്തിന്റെ നല്ല അവതരണത്തെ സഹായിക്കും.

ചലനങ്ങൾ സന്ദർഭത്തിനനുകൂലമാകണം. ചലനത്തിൽ ലക്ഷ്യമുണ്ടായിരിക്കണം. ശക്തമായ ചലനങ്ങൾ ആസ്വാദകരിൽ വികാരവും ആശയവും ജനിപ്പിക്കും. കഥാപാത്രങ്ങളുടെ ചലനവേഗത സന്ദർഭങ്ങൾക്കനുസൃതമായി ചിട്ടപ്പെടുത്തുമ്പോൾ പ്രേക്ഷകരിലേക്കുള്ള സംവേദനം ശക്തമാകും.

സംഭാഷണത്തിന്റെ സമയദൈർഘ്യവും അഭിനേതാവിന്റെ ചലനദൈർഘ്യവും തുല്യമാക്കാൻ നടൻ ശ്രദ്ധിക്കേണ്ട അവസരങ്ങളും നാടകമെന്ന കലയ്ക്കാണു വേണ്ടിവരുന്നത്. താൻ അറിയാതെതന്നെ സംഭാഷണത്തിൽ ഒരു താളമുണ്ടാക്കുന്ന വ്യക്തിയാണ് സർഗാത്മകതയുള്ള നടൻ. ലക്ഷ്യബോധമില്ലാത്ത ചലനങ്ങൾ പ്രേക്ഷകനെ ആശയക്കുഴപ്പത്തിലാക്കും. രംഗക്രിയാചലനങ്ങൾ ബോധപൂർവ്വം ചെയ്യാൻ വിധിക്കപ്പെട്ടവനായിരിക്കണം അഭിനേതാവ്. ചലനത്തിന് ഏറ്റവും എളുപ്പമായ വഴികൾ തേടാൻ നടനു സ്വാതന്ത്ര്യം ഉണ്ടാകണം.

പ്രേക്ഷകനഭിമുഖനാകേണ്ടതും സഹകഥാപാത്രങ്ങളോട് ബന്ധം പുലർത്തേണ്ടതും അവന്റെ സ്വാഭാവികമായ തിരിവുകളിലും ചലനങ്ങളിലൂടെയുമാണ്. ഇത്തരം ചലനങ്ങൾക്ക് “ടേക്കിങ്ങ് ദ സ്റ്റേജ്” എന്നു പറയുന്നു.

ചലനത്തിൽ "ഡ്രസിംഗ്" എന്നൊരേർപ്പാടുണ്ട്. രംഗവേദിയുടെ ബാലൻസ് നിലനിർത്തുന്നതിനു വേണ്ടി ചില അവസരത്തിൽ കഥാപാത്രങ്ങൾ മറ്റു കഥാപാത്രത്തെ ക്രോസ് ചെയ്തു നടന്നു നീങ്ങി നിൽക്കേണ്ടി വരും. ഈ ചലനത്തിനു പറയുന്ന പേരാണ് 'സർക്കിൾ ഡ്രസ്". നടന്റെ തിരിയൽ പോലും പ്രേക്ഷകനഭിമുഖമായ ഓപ്പർടേൺ ആയിരിക്കണം. രണ്ടു കഥാപാത്രങ്ങൾ ഒരേ ലക്ഷ്യത്തിലേക്ക് ഒരുപോലെ പോകുന്നതാണ് പാരലൽ മൂവ്മെന്റ്. രണ്ടു കഥാപാത്രങ്ങൾ വിപരീത ദിശയിലേക്ക് ഒരേ രീതിയിൽ ചലിക്കുന്നതാണ് കൗണ്ടർ മൂവ്മെന്റ്. രംഗവേദിയുടെ കാര്യത്തിലും ചലനാത്മകതയുളവാക്കുന്നതിനേക്കുറിച്ചറിഞ്ഞിരിക്കണം.

പ്രേക്ഷകനുമായി നടൻ നേരിട്ടു സംവദിക്കുന്ന കലയാണല്ലോ നാടകം. പ്രേക്ഷകരെ കണ്ടും അവരുടെ പ്രതികരണങ്ങൾ അറിഞ്ഞും അഭിനേതാവ് ബന്ധം സ്ഥാപിക്കുന്നു. അതിനു വിപരീതമായി വരുന്നതാണ് രാത്രിയിലെ അവതരണത്തിൽ ശക്തമായ ലൈറ്റിൽ കുളിച്ചു നിൽക്കുന്ന നടന് ഇരുട്ടിലിരിക്കുന്ന പ്രേക്ഷകരെ കാണുവാനോ കഴിയുന്നില്ല. നാടകത്തിന്റെ ആദ്യ രൂപമെന്നു വിശ്വസിക്കുന്ന കൂടിയാട്ടത്തിൽ രംഗവേദിയും പ്രേക്ഷകനും തമ്മിൽ കാണുകയും കൂടിക്കലരുകയും തരത്തിലുള്ള പങ്കാളിത്തമുണ്ടായിരുന്നു. നമ്മുടെ തെരുവു നാടക സങ്കേതം ഇതിൽ നിന്നും വ്യത്യസ്തമല്ലായിരുന്നു. ഇത്തരം രംഗവേദികളാണ് ചലനാത്മക രംഗവേദി.

നല്ല നാടകാവതരണത്തിൽ വേണ്ട ചലനാത്മകതയും രംഗക്രിയകളും രംഗശില്പങ്ങളും മനോഹാരിതയും ഇന്നത്തെ നാടക സംവിധായകർ വളരെ ശ്രദ്ധിക്കുന്നതുകൊണ്ടാണ് ഈ വർത്തമാനകാലത്തിൽ നല്ല നാടകങ്ങൾ സൃഷ്ടിക്കുന്നതിനും അതു സ്വീകരിക്കാനും വിലയിരുത്തുവാനും പ്രേക്ഷകരിപ്പോൾ കൂടിക്കൊണ്ടിരിക്കുന്നത്.

പ്രൊഫഷണൽ, അമേചർ സംഘങ്ങൾ നല്ല നാടകങ്ങൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. കഴമ്പുള്ള ആശയങ്ങളെ അരങ്ങിലെത്തിക്കുന്നു. നമ്മുടെ സർക്കാരിന്റെ പ്രോത്സാഹനം കാര്യമായി ലഭിക്കേണ്ടിയിരിക്കുന്നു. സംഗീതനാടക അക്കാദമിയുടെ ഘടകങ്ങളിൽ നാടകത്തെ വേണ്ട രീതിയിൽ കാണാൻ കഴിയാത്തത് മറ്റു കലകളും ഇതിന്റെ ചുമതലയിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. നാടകത്തിന്റെ മാത്രമായി 'നാടകഅക്കാദമി' യെക്കുറിച്ച് ആലോചിക്കാൻ അധികൃതർക്കു കഴിഞ്ഞാൽ നാടകമെന്ന മഹത്തായ കല ഫലവത്താകും.



കേരളത്തിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന നാടക കലാകാരന്മാരുടെ സംഘടനയായ 'നാടക്' എന്ന പ്രസ്ഥാനം നാടകത്തിന്റെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്നു. നാടകരംഗത്തെ നിരവധി പ്രതിഭകൾ നാടകിന്റെ കൂട്ടായ്മയിലുണ്ട്.

(തുടരും)





രാജാ ശ്രീകുമാർ വർമ്മ

# വീണ

ആകൃതികൊണ്ടും പ്രകൃതികൊണ്ടും വളരെ ആകർഷകവും വിശേഷവുമായ വാദ്യോപകരണമാണ് വീണ. നാദസ്വരൂപിണിയായ സരസ്വതീദേവിയുടെ വാദ്യോപകരണമാണ് ഇത്. ഇതിന് കച്ഛപി എന്ന് പേര്. നാരദമുനിയും വീണാ വാദനവിദഗ്ദ്ധനാണ്. അദ്ദേഹത്തിന്റെ വീണയാണ് മഹതി. ഗന്ധർവ്വഗുരുവുമാണ് മുനി. അനാലംബി എന്ന് ശ്രീ പരമേശ്വരന്റെ വീണയുടെ പേര്, ഗണങ്ങളുടെ വീണയാണ് പ്രഭാവതി. വിശ്വവസുവിന്റെ ബൃഹതി, തംബുരുവിന്റെ കലാവതി.

ശ്രുതി, ജാതി (രാഗം) എന്നിവയിൽ പ്രാഗല്ഭ്യവും വീണാവദനത്തെപ്പറ്റിയുള്ള സൂക്ഷ്മകാര്യങ്ങളുടെ അറിവും ഉള്ളവർ മോക്ഷഗതിയെ പ്രാപിക്കുമെന്ന് യാജ്ഞവൽകാമുനി പറഞ്ഞിട്ടുണ്ട് (സംഗീതരത്നാകരം). നാദം, ശ്രുതി, സ്വരം, ഗ്രാമം, ജാതി, രാഗം മുതലായ തത്ത്വങ്ങളെപ്പറ്റിയുള്ള ജ്ഞാനം ലക്ഷണമൊത്ത ശരീരം, വളരെ നേരം കുറേ സ്ഥാനത്തിരിക്കാനുള്ള കഴിവ്, കൈകൾക്കുണ്ടാകുന്ന വിശ്രമം, നിർഭയത്വം, ഇന്ദ്രിയനിഗ്രഹം, ബുദ്ധി, ശാരീരം, ഗാനാലാപനം, ശ്രദ്ധയോടെയുള്ള മനസ്സ് എന്നിവയൊക്കെ വീണ വായിക്കുന്നയാളുടെ ഗുണങ്ങളാണ്.

ഭാരതീയ സങ്കല്പമനുസരിച്ച് വീണയും വേണുവും മൃദംഗവും മംഗലവാദ്യങ്ങളാണ്. അശ്വമേധയാഗത്തിന് രണ്ടുപേർ വീണ വായിക്കണമെന്നാണ് പ്രമാണം. പഞ്ചമുഖനായ പരമേശ്വരന്റെ ഈശാനം എന്ന മുഖത്തിൽ നിന്ന് ആകാശവും നിഷാദം, മധ്യമം എന്നീ സ്വരങ്ങളുമുണ്ടായി. ആകാശത്തിൽ നിന്ന് വീണ തുടങ്ങിയ തന്ത്രിവാദ്യങ്ങളുണ്ടായി എന്നാണ് പുരാണം. ശരീരത്തെ വീണയായി സങ്കല്പിച്ചാൽ അത് ഗാത്രവീണ. മരം കൊണ്ടുള്ള വീണ ദാരുവീണ. ഗായത്രി മന്ത്രത്തിന് 24 അക്ഷരമാണെങ്കിൽ വീണയ്ക്ക് 24 മെട്ടുകളുണ്ട്. തതം, സുഷിരം, അവനദ്ധം, ഘനം എന്നിങ്ങനെ 4 വാദ്യങ്ങളുള്ളതിൽ വീണ തതവാദ്യമാണ്. ശ്രുതിവീണ, സ്വരവീണ എന്ന് രണ്ട് തരമുണ്ട്. ഒറ്റക്കമ്പിയുള്ളത് ഏകതന്ത്രിയും രണ്ടു കമ്പികളുള്ളത്

നകുലവും മൂന്നു കമ്പികളുള്ളത് ത്രിതന്ത്രികയും ഏഴു കമ്പികളു ള്ളത് ചിത്രായും ഒമ്പതു കമ്പിക ളുള്ളത് വിപഞ്ചികയും ഇരുപ ത്തിയൊന്ന് കമ്പികളുള്ളത് മത്തകോകിലയുമാണ്. മുളകൊ ണ്ടുള്ള ദണ്ഡാക്കലാപിനീ വീണയും ലഘ്വീ എന്നും ബൃഹതീ എന്നും രണ്ടു തര മുള്ള കിന്നരിയും വില്ലിന്റെ ആകൃതിയുള്ള പിനാകിയും നിശ്ശങ്ക (സാരംഗി) യുമാണ് മറ്റു വീണകൾ.

പൗരാണികമായ രുദ്രവീ ണയ്ക്കും സംഗീതത്തിൽ നല്ല സ്ഥാനമുണ്ട്. രുദ്രാണികയുടെ സൗന്ദര്യത്തിൽ മന്ത്രമുഗ്ദ്ധനായ രുദ്രൻ തന്റെ സങ്കല്പം കൊണ്ട് ദേവിക്ക് വീണയുടെ രൂപം കൊടുത്തത്രേ. ധ്രുപദ് സംഗീത ത്തിന് പ്രധാന പക്കം രുദ്രവീണ യാണ്. സാഞ്ചിയിലെയും അമ രാവതിയിലെയും നാഗാർജ്ജുന കൊണ്ടയിലെയും ക്ഷേത്ര ശില്പങ്ങളിൽ രുദ്രവീണ കാണാൻ കഴിയും. രാജാരവി വർമ്മ വരച്ച സരസ്വതി വീണാ ധാരിണിയാണ്. പുള്ളുവൻ പാട്ടിലും സർപ്പം പാട്ടിലും വീണയ്ക്ക് മുഖ്യസ്ഥാനമുണ്ട്. കഥാസരിത് സാഗരത്തിലെ വത്സരാജാവ് ഉദയൻ വിദഗ്ദ്ധനായ വീണാവാദകനാ യിരുന്നു. ഘോഷവതി എന്ന തന്റെ വീണ വായിച്ച് ആനകളെ ആകർഷിച്ചു കൊണ്ടിവരികയും ചെയ്യും. എന്നാൽ ഉജ്ജയനി യിലെ ചണ്ഡമഹാസേനരാജാവ് തന്റെ മകൾ വാസവദത്തയ്ക്ക് ഉദയനനെ വരനായി കണ്ട് ഒരു കൃത്രിമ ആനയെ അയച്ച് അദ്ദേ ഹത്തെ ബന്ധനസ്ഥനാക്കി കൊണ്ടുപോന്നു. ഗ്രീക്കു കഥ യിലെ ഓർഫിയൂസ് ഒരു വീണാ ഗായകനായിരുന്നു. തന്റെ പ്രേയസി യൂറിഡിസിയെ പാതാ ളത്തിൽ വെച്ചു കാണുന്നത് വീണാവാദനത്തിന്റെ ഫലമായി ട്ടാണ്.

കവികൾക്ക് ഇഷ്ടവാദ്യമാണ് വീണ. 'മാണിക്യവീണാ മുപലാ ളയന്തീം' എന്നു തുടങ്ങിയാണ് കാളിദാസൻ വാഗ്ദേവിയെ വാഴ്ത്തുന്നത് (ശ്യാമളാദണ്ഡ കം). വള്ളത്തോൾ തന്റെ അച്ഛനും മകളും എന്ന ഖണ്ഡ കാവ്യത്തിൽ ശകുന്തളയെ ഇങ്ങനെ വർണ്ണിക്കുന്നു. "ഉടനേ വീണ്ടും കംബുകണ്ഠിതൻ കണ്ഠത്തിൽ നിന്നിടറിപ്പുറപ്പെട്ടി ങ്ങൊരു വീണാക്വാണം". 'വാള ല്ലെൻ സമരായുധ'മെന്നും 'എൻ കരവാളുവിറ്റൊരു മണി പ്പൊൻവീണ വാങ്ങിച്ചുഞാൻ' എന്ന് വയലാർ സർഗസംഗീത ത്തിൽ എഴുതി.

വീണാഭ്യസനത്തിന് പ്രായം ഒരു പ്രശ്നമല്ല. ശുദ്ധസംഗീത ത്തിന്റെയും സാന്ത്വനത്തി ന്റെയും അനുഭൂതിയുടെയും സന്ദേശവാദ്യമാണ് വീണ. ●

# സംഗീതസഭ, പാലക്കാട്




പാലക്കാട് സ്വാതി സംഗീതസഭയുടെ പ്രതിമാസ സംഗീത പരിപാടിയുടെ ഭാഗമായി ജൂൺ 22 ന് ശ്രീ ലക്ഷ്മിനാരായണപെരുമാൾസ്വാമി ക്ഷേത്രത്തിൽ (പഴയകല്പാത്തി) നടന്ന ചടങ്ങിൽ ശ്രീ. ആനന്ദ് കെ. രാജ് സംഗീത കച്ചേരി അവതരിപ്പിച്ചു. വയലിൻ ശ്രീ. വയലാ രാജേന്ദ്രൻ, മൃദംഗം ശ്രീ. ഗുരുവായൂർ സനോജ്.

# രാഗാമൃതം



തയ്യാറാക്കിയത് : **സുനിൽ ശർമ്മ**

## ഗൗള

15-ാമതു മേളകർത്താരാഗം മായാമാളവഗൗളയുടെ ജന്യമായ ഗൗള ഘനപഞ്ചകരാഗങ്ങളിലൊന്നാണ്.

ആരോഹണം : സ രി മ പ നി സ      അവരോഹണം : സ നി പ മ രി ഗ മ രി സ

ഷഡ്ജം, ശുദ്ധരിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, കാകളിനിഷാദം എന്നിവ സ്വരസ്ഥാനങ്ങൾ. ഇതൊരു ഔഡവ - വക്രഷാഡവ രാഗവും ഉപാംഗരാഗവുമാണ്. രി, മ, നി എന്നിവ രാഗഛായാസ്വരങ്ങളായും രി, പ എന്നിവ ന്യാസസ്വരങ്ങളായും പ്രയോഗിക്കുന്നു. പമഗമരിസ, സരിഗാമരിസ, സനിപമരിസ എന്നിവ വിശേഷസഞ്ചാരങ്ങളാണ്. ഏകശ്രുതി രിഷഭം (256/243) ഈ രാഗത്തിലെ പ്രത്യേകം പരാമർശിക്കേണ്ടുന്ന സവിശേഷതയാകുന്നു. ഇതിലെ രിഷഭം മറ്റു രാഗങ്ങളിൽ വരുന്ന ശുദ്ധരിഷഭങ്ങളെ അപേക്ഷിച്ച് ഷഡ്ജത്തോടടുത്ത് നിൽക്കുന്നു. ആയതിനാൽ 'ഗൗളരിഷഭം' എന്നും പേർ പറയാറുണ്ട്. ത്രിസ്ഥായി സഞ്ചാരമുണ്ടെങ്കിലും സംഗ്രഹ രാഗാലാപനത്തിനു മാത്രമേ സാധ്യതയുള്ളൂ. മധ്യമകാലത്തിലുള്ള ആലാപനമാണ് രാഗസ്വരൂപത്തെ പ്രകടമാക്കുന്നത്.

<u>ഈ രാഗത്തിലുള്ള ഏതാനും കൃതികൾ</u> :

| | | |
|---|---|---|
| 1. ദുഡുകുഗല | ആദി | ത്യാഗരാജസ്വാമി |
| 2. ശ്രീമഹാഗണപതിരവതുമാം | മിശ്രചാപ്പ് | മുത്തുസ്വാമി ദീക്ഷിതർ |
| 3. ത്യാഗരാജപാലയാശുമാം | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 4. കാമജനക | ആദി | സ്വാതിതിരുനാൾ |
| 5. പ്രണമാമ്യഹം ശ്രീഗൗരീസുതം | ആദി | മൈസൂർ വാസുദേവാചാർ |
| 6. സേനാപതേ നമോസ്തുതേ | ആദി | ഊത്തുക്കാട് വെങ്കടസുബ്ബയ്യർ |
| 7. ശരണാഗതമെൻട്ര് | ആദി | ഗോപാലകൃഷ്ണഭാരതി |
| 8. ഭജരേമാനസ ശ്രീരഘുവീരം | ആദി | വാലജപ്പേട്ട വെങ്കടരമണഭാഗവതർ |
| 9. വാരണവദനം | ആദി | തുളസീവനം |

<u>ഒരു കൃതി സ്വരച്ചിട്ടയോടെ</u> :

ഗണനാഥായ നമസ്തേ      ആദി      അംബി ദീക്ഷിതർ

*<u>പല്ലവി</u>*

ഗണനാഥായ നമസ്തേ - ശ്രീ
ഗൗരീനന്ദനായ നമസ്തേ

*<u>സമഷ്ടിചരണം</u>*

ഗണാദിസന്നുത വിഘ്നഹരണായ
ഗന്ധർവ്വസേവിത ഗജവദനായ

*<u>മധ്യമകാലസാഹിത്യം</u>*

മണിമയ മകുട മാലാദി ധരായ
മഹാദേവ ഗുരുഗുഹ സമേതായ
മൂഷികവാഹന മോദകകരായ
മൂലകന്ദായ മുക്തിപ്രദായ

*<u>പല്ലവി</u>*

| | | | | | | | |
|---|---|---|---|---|---|---|---|
| 1. ‖ | രിപാ | പമഗമ | | രിഗമാ | രിസാ | । |
| | ഗ-ണ- | നാ--- | | ഥാ--- | യ- ന- | |
| । | സനിപാ | സ ാ ാ ാ | । | ാാാാ | രിാാ | ‖ |
| | * * <br>മ - - - | സ്തേ--- | | ---- | ശ്രീ--- | |
| 2. ‖ | രിപാ | പമഗമ | | രിഗമാ | രിാസ | । |
| | ഗ-ണ- | നാ--- | | ഥാ--- | യ--ന | |
| । | സനിരിസ | രിസസാ | । | പമരിഗ | മരിസനി | ‖ |
| | * <br>മ - - - | സ്തേ--- | | ശ്രീ--- | * <br>- - - - | |

2

* * *
3. || രിമപനി സാരിസനിാാ പമ മാപമ മാാരിസ |
ഗ-ണ- നാ - - - ഥാ - - - - -യ ന
*
| സനിരിസ സ ാ സനി | പമരിഗ മരിസനി ||
* *
മ - - - സ്തേ-ശ്രീ- - - - - - - - -

* * *
4. || രിമപനി സാരിസനിാാ പമ മാപമ മാാരിസ |
ഗ-ണ- നാ - - - ഥാ - - - - -യ ന
| സനിരിസ രിസസാ | ാാാാ രിാാ ||
*
മ - - - സ്തേ--- ---- ശ്രീ---

* * * *
|| ാാാ രി മ പാാ പനിസരി സാസനി |
---ഗൗ - രീ-- ന - - - ന്ദ- നാ -
* * * *
| മരിസാ പനിസനി | പമ രിഗ മരിസനി ||
*
- - യ- ന - മ - --സ്തേ- - - - -

* * *
5. || രിമപനി സാരിസനിാാ പമ മാപമ മാാരിസ |
ഗ-ണ- നാ - - - ഥാ - - - - -യ ന
| സനിരിസ രിസസാ | ാാാാ രിാാ ||
*
മ - - - സ്തേ--- ---- ശ്രീ---

* * * *
|| ാാമരി പമനിപ പനിസരി സാസനി |
--ഗൗ- - - രീ - ന - - - ന്ദ- നാ -
* * * *
| മരിസാ പനിസനി | പമ രിഗ മരിസനി ||
*
- - യ- ന - മ - --സ്തേ- - - - -

*സമഷ്ടിചരണം*

* * * * * * *
1. || സാസനി പാപാ പനിസാരിസ രിാ രിാ |
ഗ-ണാ- -- ദി- സ - - - ന്നു-ത-
* * * * * *
| ാാാസ ാ രി സ ാ | സനിപാ സാാസ ||
--- വി -ഘ്ന ഹ - ര - - - ണാ--യ

* * * * * * * * *
2. || പനിസരിസാസനി പാപാ പനിസാരിസ രിാരിാ |
ഗ - ണാ- -- ദി- സ - - - ന്നു-ത-
* * * * * *
| ാാാസ ാ രി സ ാ | സനിപാ സാാസ ||
--- വി -ഘ്ന ഹ - ര - - - ണാ--യ

* * * * * *
|| ാാാസ ാസസാ സരിസനി പാമാ |
--- ഗ -ന്ധർവ്വ- സേ - - - വി-ത-
| ാാാരി മ പ നിാ | പമഗമ രിാാസ ||
---ഗ ജ വ ദ - നാ--- - - -യ

| | | | | | | |
|---|---|---|---|---|---|---|
| | * * * * | | | * * * | * * | |
| 3. ‖ | പനിസരിസാസനി | പാപാ | | പനിസാരിസ | രിാരിാ | । |
| | ഗ – ണാ- | -- ദി- | | സ – – – | ന്നു-ത- | |
| | * * * * | * * | | * | * * | |
| । | സരിഗമ | ാ രി സ ാ | । | സനിപാ | സാാസ | ‖ |
| | വി --- | -ഘ്ന ഹ – | | ര – – – | ണാ--യ | |
| | * | * * | | * * * | | |
| ‖ | ാാസ | ാസസാ | | സരിസനി | പാമാ | । |
| | --- ഗ | -സ്ഥർവ്വ- | | സേ – – – | വി-ത- | |
| । | രിസമരി | പമ നിപ | । | പമമാപമ | മാരിാാസ | ‖ |
| | ഗ – ജ – | വ – ദ – | | നാ--- | – – – യ | |

*മധ്യമകാല സാഹിത്യം*

| | | | | | | |
|---|---|---|---|---|---|---|
| ‖ | രിരി പമ | സരിമ രി | | ാരിാ രി | പസാസ | । |
| | | | | | * | |
| | മണിമയ | മകുട മാ | | -ലാ-ദി | ധ രാ-യ | |
| | | * | | * | * * | |
| । | രി മാ പ | ാപ സനി | । | പ പ പ സ | ാസാസ | ‖ |
| | മഹാ-ദേ | -വ ഗുരു | | ഗുഹ സമേ | -താ-യ | |
| | * * * * | * * * | | * | * | |
| ‖ | സരി മ മ | സരിസനി | | സാ നി പ | പനിാ സ | । |
| | മൂ- ഷി ക | വാ-ഹ ന | | മോ- ദ ക | ക രാ-യ | |
| | * * * | | | | | |
| । | സാസസ | നിപാ മ | । | രി ഗ മ ാ | രിാാസ | ‖ |
| | മൂ- ല ക | – ന്ദാ-യ | | മുക്തി പ്ര- | ദാ--യ | |

*ചിട്ടസ്വരം*

| | | | | | | |
|---|---|---|---|---|---|---|
| ‖ | പപമമ | രിഗമരി | | രിസസനി | പാനിസ | । |
| | | | | * | * * | |
| । | പനിസരി | ാരിരിസ | । | രിസാസ | രിമപനി | ‖ |
| | * * | | | | | |
| | * * | * * * | | * * * * | * | |
| ‖ | പനിസരി | ാരിരിസ | | രിഗമരി | സനിപനി | । |
| | * * * * | * * * | | * | | |
| । | രിരിരിസ | സനിരിസ | । | സനിപരി | ഗമരിസ | ‖ |

(ഗണനാഥായ നമസ്തേ.......)


# രാഗലയം ശ്രുതി

## കലാ – സാംസ്കാരിക മാസിക

**വരിസംഖ്യ ഒരുവർഷം (12 ലക്കം) - 200 ക.**

വിലാസം - **മാനേജിംഗ് എഡിറ്റർ, രാഗലയം ശ്രുതി, ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല, കേരളം** – 690507

വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാൻ : **A/c No. - 18600100000295, Ragalayam Sruthy, Federal Bank, Cheppad Branch, IFS Code - FDRL0001860**

എന്ന നമ്പറിൽ പണമടച്ച് ഫോണിൽ വിളിച്ചുപറയുക. **ഫോൺ നമ്പർ** : 09447037932






ഹരി ചിറ്റക്കാടൻ

2

# ഉത്തര കന്നടയിലെ മുരുദേശ്വർ

യാത്രാടിക്കറ്റുകൾ നേരത്തെ ബുക്കു ചെയ്തതുകൊണ്ട് അത്യാവശ്യം ചെലവിനുള്ള ക്യാഷ് മാത്രമേ കരുതിയിരുന്നുള്ളു. തൊട്ടടുത്തു കണ്ട എ.ടി. എം. ൽ കയറി കുറച്ചു പണം കൂടി എടുത്ത് രാജഗോപുരത്തിന് മുന്നിലേക്ക് നടന്നു. രണ്ടു വലിയ ആനകളുടെ പ്രതിമകളാണ് ഗോപുരത്തിന് മുന്നിൽ നമ്മെ സ്വീകരിക്കുവാൻ നിൽക്കുന്നത്. അതിനു വശത്ത് ചെരിപ്പ് വയ്ക്കുവാനുള്ള സ്ഥലവും ഉണ്ട്. ഒരു രൂപയാണ് ചെരിപ്പിന് ടോക്കൺ ചാർജ്ജ്. ഗോപുരം കടന്ന് ഇടത്തേക്ക് തിരിഞ്ഞാണ് ക്ഷേത്രത്തിലേക്ക് പോകേണ്ടത്. അല്പം മുകളിലേക്ക് കയറി വേണം ക്ഷേത്രത്തിലെത്താൻ. സ്വർണ്ണക്കൊടിമരത്തിന് അടുത്തു വരെ കയറിന്റെ പായ വിരിച്ചിട്ടുണ്ട്. ചൂട് സമയത്ത് കാല് പൊള്ളാതിരിക്കുവാനും മുകളിലേക്കുള്ള ചെറിയ കയറ്റം തെന്നാതിരിക്കുവാനും ഇത് ഉപകരിക്കും. നാലമ്പലത്തിലേക്ക് പ്രവേശിക്കാൻ അധികം തിരക്കൊന്നും ഇല്ല. കാവൽക്കാരോ സെക്യൂരിറ്റിയോ ഒന്നും തന്നെ കണ്ടില്ല. ഒരു മനുഷ്യരൂപത്തിലുള്ള സ്വർണ്ണ മുഖമാണ് ശ്രീകോവിലിൽ ഉള്ളത്. ഒപ്പം ശ്രീരാമനും സീതയും പ്രതിമകളുടെ രൂപത്തിലുമുണ്ട്. വിളക്ക് കത്തിച്ചും മാലകൾ ചാർത്തിയും വളരെ ഭക്തിയുള്ള അന്തരീക്ഷം. വലംവച്ച് ഭസ്മം പ്രസാദമായി വാങ്ങി ചുറ്റുമുള്ള ഉപദേവതകളെയും വണങ്ങി. നാലമ്പലത്തിനുള്ളിൽ തന്നെ ഒരു കൗണ്ടറിൽ പ്രസാദമായി ലഡു വിൽക്കാൻ വച്ചിരിക്കുന്നുണ്ട്. ഒരെണ്ണത്തിന് 20 രൂപയാണ് വില. ചില്ലറ മാറേണ്ട ആവശ്യം ഉള്ളതുകൊണ്ട് 5 ലഡു ഒരു കിറ്റിൽ വാങ്ങി ക്ഷേത്രത്തിന് പുറത്തിറങ്ങി.

നാലമ്പലത്തിന് വെളിയിൽ കൊടിമരച്ചുവട്ടിൽ നിന്നാൽ നീണ്ടു കിടക്കുന്ന അറബിക്കടലാണ് മുന്നിൽ മീൻപിടുത്ത ബോട്ടുകൾ കരയിൽ നിരനിരയായി കിടക്കുന്നു. അധികനേരം അവിടെ നിൽക്കാതെ താഴേക്കിറങ്ങി ഗോപുരത്തിന് അടുത്തെത്തിയപ്പോഴാണ് നീണ്ട ക്യൂ കാണുന്നത്. എന്താണെന്ന് ശ്രദ്ധിച്ചപ്പോഴാണ് ഗോപുരത്തിനുള്ളിലൂടെയുള്ള ലിഫ്റ്റ് ശ്രദ്ധയിൽ പെട്ടത്. ആ ലിഫ്റ്റിലൂടെ 249 അടി ഉയരമുള്ള ഗോപുരത്തിന് മുകളിലത്തെ നിലയിൽ എത്താം. അവിടെ നിന്നുള്ള ചിത്രങ്ങളാണ് മുരുദേശ്വറിനെക്കുറിച്ച് ഗൂഗിളിൽ സെർച്ച് ചെയ്താൽ കിട്ടുന്ന പടങ്ങൾ. ആ ആകാശദൃശ്യങ്ങൾ ഹെലികോപ്റ്ററിൽ പകർത്തിയത് ആയിരിക്കാമെന്നാണ് ഞാൻ അന്ന് കരുതിയത്. ക്ഷേത്രദർശനത്തെക്കാളുപരി സന്ദർകർ ഈ ഗോപുരത്തിന്



നിരത്തി ശിവഭഗവാനെ പെയിന്റ് അടിച്ച് വൃത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. 123 അടി ഉയരമുള്ള ഈ പ്രതമിയ്ക്ക് താഴെ ഒരു അമ്പലമുണ്ട്. ശ്രീ സുന്ദരരാമേശ്വര എന്നാണ് എഴുതിയിരിക്കുന്നത്. ശിവലിംഗമാണ് പ്രതിഷ്ഠ. ഒപ്പം പുറകിൽ രാമലക്ഷ്മണൻമാരുടെ പ്രതിമകളും. ഇവിടെ പൂജാരിയെ ഒന്നും കണ്ടില്ല. ക്ഷേത്രത്തിന് ഇടതുവശത്തുകൂടി അകത്തേക്ക് കയറാനൊരു വഴിയുണ്ട്. ഭുകൈസാൽ കേവ് എന്നാണ് എഴുതിയിരിക്കുന്നത്. 10 രൂപയുടെ ടിക്കറ്റ് എടുക്കണം അതിൽ കയറുവാൻ. അതിലൂടെ നടന്നപ്പോഴാണ് ഇവിടെ ശരിക്കും ശിവനും ശ്രീരാമനും ഒന്നുമല്ല താരം, രാവണനാണെന്ന് മനസ്സിലായത്. രാവണൻ തപസ്സ് ചെയ്യുന്നതും വരം നേടാനായി തന്റെ ശിരസ്സുകൾ ഓരോന്നായി അറുത്ത് അഗ്നിയിൽ എറിയുന്നതും കൈലാസം ഒന്നാകെ പൊക്കിയെടുക്കുന്നതുമൊക്കെ ജീവൻ തുടിക്കുന്ന പ്രതിമകളുടെ രൂപത്തിൽ നിർമ്മിച്ച് വച്ചിരിക്കുന്നു.

മുകളിൽ കയറുവാനാണ് തിരക്കു കൂട്ടുന്നത് എന്ന് ക്യൂവിന്റെ നീളത്തിൽ നിന്ന് മനസ്സിലായി.

കുറച്ച് ആൾക്കാരെ മാത്രമേ ലിഫ്റ്റിൽ ഒരുസമയം കയറ്റുന്നുള്ളു. ഒരു ചെറിയ ഫീസും അതിനുണ്ട്. ക്ഷേത്രം പഴക്കമുള്ളതാണെങ്കിലും അതിനോടനുബന്ധിച്ച് നിർമ്മിച്ച ഗോപുരവും മറ്റും പുതിയതാണെന്ന് അവിടെ മാർബിളിൽ കൊത്തിവച്ചിരിക്കുന്ന ഗോപുരത്തിന്റെ ഉദ്ഘാടനത്തിന്റെ ഫലകത്തിൽ നിന്ന് മനസ്സിലായി. 2008 ഏപ്രിൽ 12 നാണ് ധർമ്മസ്ഥല ക്ഷേത്ര ധർമ്മാധികാരി പത്മഭൂഷൺ ഡോ. ഡി. വീരേന്ദ്ര ഹെഗ്ഡ രാജഗോപുരം ഉദ്ഘാടനം ചെയ്തത്. നിരവധി ചെറിയ ചെറിയ പ്രതിമകൾ ഗോപുരത്തിലുണ്ടെങ്കിലും തമിഴ്നാട്ടിലെ വലിയ ക്ഷേത്രഗോപുരങ്ങളുടെ പോലെ പൗരാണികതയോ കരവിരുതോ ഈ ഗോപുരത്തിന് അവകാശപ്പെടാനില്ല. ദീർഘമായ ക്യൂവും ലിഫ്റ്റ് പോയി വരാനുള്ള താമസവും ഗോപുരത്തിന് മുകളിൽ കയറാനുള്ള എന്റെ ആഗ്രഹത്തിന് തടസ്സമായി. മുരുദേശ്വറിന്റെ യഥാർത്ഥ ചിത്രം പകർത്താൻ മറ്റൊരിക്കൽ വരാമെന്ന സമാധാനത്തിൽ ഞാൻ ഗോപുരത്തിന് പുറത്തിറങ്ങി ശിവഭഗവാന്റെ പ്രതിമയിരിക്കുന്ന സ്ഥലത്തേക്ക് നടന്നു.

നിർഭാഗ്യവശാൽ പ്രതിമയിലും മെയിന്റനൻസ് പണി നടക്കുകയാണ്. കമ്പി തൂണുകൾ






ഓരോ പ്രതിമകളുടെയും മുഖഭാവങ്ങൾ ഇത്ര ജീവസ്സുറ്റതായി എങ്ങനെ നിർമ്മിച്ചിരിക്കുന്നു എന്നത് അത്ഭുതത്തോടെ മാത്രമേ കാണുവാൻ കഴിയൂ. ശക്തി നേടുവാനായി രാവണനും ലങ്കയിലേക്ക് പോകുവാൻ ശ്രീരാമനും ശിവഭഗവാന്റെ അനുഗ്രഹം വാങ്ങിയ സ്ഥലമാണ് മുരുദേശ്വർ എന്ന് ഒരു ഓട്ടപ്രദക്ഷിണത്തിലൂടെ മനസ്സിലാക്കാം.

കേവിൽ നിന്ന് പുറത്തിറങ്ങി ക്ഷേത്രത്തെ ചുറ്റി പുറകുവശത്ത് എത്തി. അകലങ്ങളിലേക്ക് പരന്ന് കിടക്കുന്ന അറബിക്കടൽ. അവിടവിടയായി ബോട്ടുകൾ തിരമാലകളെ കീറിമുറിച്ചു കടന്നുപോകുന്നുണ്ട്. സമയം ഒരു വില്ലനായി എന്റെ മുന്നിലുള്ളതു കൊണ്ട് ചിത്രങ്ങൾ പകർത്തി ഞാൻ പതിയെ താഴേക്ക് ഇറങ്ങി. ഒരു കാര്യം എനിക്ക് മനസ്സലായി. ഗൂഗിളിലൂടെ കാണുന്ന മുരുദേശ്വറിന്റെ ഭംഗി ആസ്വദിക്കണമെങ്കിൽ രാജഗോപുരത്തിന് മുകളിൽ കയറണം. അല്ലാത്തപക്ഷം മുകളിലേക്ക് നോക്കി ഒക്കെ ഒന്ന് ഓടിച്ച് കാണാമെന്നല്ലാതെ പൂർണ്ണമായ ഒരു ഭംഗി ആസ്വദിക്കുവാൻ സാധിക്കുകയില്ല. ഇടതുഭാഗത്ത് താഴെയാണ് ബീച്ച്. ധാരാളം പേർ കടലിൽ ഇറങ്ങി കുളിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. എന്നാൽ ഇവിടുത്തെ പ്രധാന ബിസിനസ്സ് ബോട്ട് യാത്രയാണ്. നാലഞ്ച് പേരെ കയറ്റിയുള്ള സ്പീഡ് ബോട്ട്, കൂടുതൽ ആൾക്കാരെ കയറ്റിയുള്ള വലിയ ബോട്ട്, രണ്ടുപേർ ഇരുന്ന് പോകുന്ന വാട്ടർക്രാഫ്റ്റ് ഒക്കെയുണ്ട്. ബോട്ട് കടലിലൂടെ എത്രദൂരം പോകും, എത്രയാണ് ചാർജ്ജ് എന്നും അന്വേഷിക്കുവാൻ പറ്റിയ സാഹചര്യമായിരുന്നില്ല എന്റേത്. കുറച്ചു നേരം ആ കാഴ്ച കണ്ടു കൊണ്ട് കടൽക്കാറ്റ് ഏറ്റു നിന്നു. പത്ത് മണിയായപ്പോൾ കൃത്യം അലാറം അടിക്കുന്നതു പോലെ റഷീദിന്റെ ഫോൺ വന്നു. വില്പനയ്ക്ക് വച്ചിരിക്കുന്ന ചില ചിത്രങ്ങൾ, ഒന്നു രണ്ട് ഹാൻഡിക്രാഫ്റ്റ് സാധനങ്ങൾ ഒക്കെ വാങ്ങി ബാഗിൽ തിരുകി ഞാൻ ഓട്ടോ കിടന്നിരുന്ന സ്ഥലത്ത് എത്തി. അപ്പോഴേക്കും റഷീദ് വണ്ടി സ്റ്റാർട്ട് ചെയ്ത് എന്റെ അടുത്ത് എത്തിയിരുന്നു.

മുരുദേശ്വറിലേക്കുള്ള ഈ വരവ് പൂർണ്ണമായും തൃപ്തി നൽകുന്ന ഒന്നായിരുന്നില്ല എന്ന മനഃസ്ഥാപത്തിന് പരിഹാരമായി ഒരു പകൽ മുഴുവനും നീണ്ടു നിൽക്കുന്ന സന്ദർശനത്തിന് വീണ്ടും എത്തുമെന്ന് മനസ്സിലുറപ്പിച്ച്, ഈ യാത്രയുടെ രണ്ടാം ഘട്ടത്തിലേക്ക്, ദേശീയപാത 66 ലേക്ക് കയറി ബൈന്ദൂർ വഴി കൊല്ലൂർ ലക്ഷ്യമാക്കി യാത്ര തുടങ്ങി. ●



# അഷ്ടപദി സംഗീതം – ഒരു പഠനം



ഭാഗം **25**

**കലാരത്നം അച്യുതശാസ്ത്രി**

### പന്ത്രണ്ടാം സർഗ്ഗം : സുപ്രീത പീതാംബരം

ഗീതഗോവിന്ദത്തിലെ അവസാന സർഗ്ഗമാണ് ഇത്. അഹങ്കാരമനോഭാവത്തോടെ മാറിനിൽക്കുന്ന രാധയാകുന്ന ജീവാത്മാവ് ശ്രീകൃഷ്ണ സായൂജ്യത്തിൽ പൂർണ്ണമായും വിധേയമായിത്തീരുന്നു. കാമാതുരയായി ഭൗതിക ജീവിതം ഉല്ലാസോന്മാദങ്ങളിൽ മതിമയങ്ങി സ്വയം ഉള്ളിൽ ജ്വലിച്ചു കൊണ്ടിരിക്കുന്ന ചൈതന്യ പ്രകാശത്തെ കാണാതെ ഇരുളിന്റെ ഭൗതിക ലഹരിയിൽ തകർന്നടിയുന്ന ജീവിതങ്ങൾ എണ്ണമറ്റതാണ്. ആദ്ധ്യാത്മിക ആചാര്യന്മാർ അവരുടെ മനോമുകുരങ്ങളിൽ ഉദിച്ചുവന്ന പരിവർത്തന ശബ്ദത്തിന്റെ മഹിമയിൽ ഉണർന്ന ചിന്തകൾ മാത്രമാണ് മനുഷ്യമനസ്സുകളെ പരിശുദ്ധമാക്കിയത്. മൃഗതുല്യരായി ഭൗതിക സുഖലോലുപതയിൽ കഴിഞ്ഞു കൊണ്ടിരുന്ന ഒരു സമൂഹത്തിന് ശരീരത്തിന്റെ ബാഹ്യമായ ശക്തിയെ മാത്രമേ കാണുവാൻ കഴിഞ്ഞുള്ളു. യുക്തിവാദികൾ എന്നും ബുദ്ധിജീവികൾ എന്നും നടിക്കുന്നവർ ആന്തരികമായ പൊരുളിലേക്ക് പോകുവാൻ തയ്യാറാകാതെ ഭൗതിക നേട്ടത്തെ മാത്രം മഹത്തരമായി കണ്ടുകൊണ്ട് ലോകത്തെ മറ്റൊരു ദിശയിലേക്ക് മാറ്റുവാൻ തയ്യാറാകുമ്പോൾ ആദ്ധ്യാത്മികത വെറും നാമത്തിൽ മാത്രം ഒതുങ്ങുന്നു. സ്വാമി അരവിന്ദ മഹർഷി പറയുന്നു “ആകാരഭംഗികൊണ്ട് ഭൗതികതയിൽ വിഴുങ്ങി സത്യമായ ആത്മബോധം തമസ്സിൽ ലയിക്കപ്പെടുമ്പോൾ ലോകം നന്മയിൽ നിന്നും അകന്നു പോകുന്നു. സ്വസ്വരൂപത്തെ മറന്ന് ഭൗതികാസക്തിയിലേക്ക് വഴുതിപ്പോയി ജീവിതം മൃഗതുല്യമായിത്തീരുമ്പോൾ അതിനെ മാനുഷികതയിലേക്ക് ഉണർത്തണമെങ്കിൽ ഈശ്വരകാരുണ്യം തന്നെ ഉണ്ടാവണമെന്ന്”–



ഈ സർഗ്ഗത്തിൽ കൃഷ്ണനെ പീതാംബരനായി വർണ്ണിച്ചിരിക്കുന്നു. പീതം എന്ന ശബ്ദത്തിന് ‘സ്വപ്രഭാവത്താൽ അധീനമാകുന്ന കഴിവ്’ എന്ന അർത്ഥമുണ്ട്. ശ്രീകൃഷ്ണദർശനം കൊണ്ട് മാനവസമൂഹം ആന്തരികമായി ഉയർന്ന് ആത്മചൈതന്യത്തിന്റെ മഹത്വം അറിയുമ്പോൾ മാത്രമാണ് ഗീതഗോവിന്ദ ദർശനം അർത്ഥവത്താകുന്നത്. എല്ലാ സ്വരൂപങ്ങളും സർവ്വചരാചരങ്ങളും ഇല്ലാതായാലും ഈ പ്രപഞ്ചത്തിൽ ആദ്യമായി ഉയർന്നുദിച്ച അരൂപിയായ ചൈതന്യവസ്തു അതു ശ്രീകൃഷ്ണനെന്ന പ്രതീകാത്മക പ്രഭാവമായി പ്രശോഭിച്ച് അദ്വൈത ദർശനത്തിന്റെ അഭൗമകാന്തിയായി ലോകത്തിലെന്നും നിറഞ്ഞു നിൽക്കുകയും പൂർണ്ണമായി അവശേഷിക്കുകയും ചെയ്യുന്നു എന്ന ഉപനിഷത് വാക്യം എല്ലാ ഭാരതീയന്റേയും ഹൃദയ

ത്തിലുണരട്ടെ.

രാധയോടു ഭഗവാൻ പറയുന്നു. നാരായണമന്ത്ര ത്തിലൂടെ നിന്റെ ധ്യാനനിരത നിന്നെ ഉത്തുംഗാവ സ്ഥയിലെത്തിച്ചേർക്കട്ടെ!

### ശ്ലോകം

*ഗതവതി സഖീവൃന്ദേ മന്ദത്രപാഭരനിർഭര–*
*സ്മരപരവശാകൂത സ്ഫീതസ്മിത സ്നപിതാധരാം*
*സരസമനസം ദൃഷ്ട്വാ രാധാം മുഹൂർനവപല്ലവ–*
*പ്രസവശയനേ നിക്ഷിപ്താക്ഷീമുവാചഹരിഃ പ്രിയാം*

അർത്ഥം : സഖികൾ പോയിക്കഴിഞ്ഞപ്പോൾ ലജ്ജാ ഭാരത്തോടും ആഗ്രഹങ്ങളാൽ നനയ്ക്കപ്പെട്ട അധ രത്തോടുംകൂടിയവളും പുതിയ പൂക്കൾ ചേർന്ന ശയ്യ യിൽ സരസമായ മനസ്സോടുകൂടി അർപ്പിക്കപ്പെട്ട കണ്ണുകളോടുകൂടിയ പ്രിയപ്പെട്ട രാധയെ കണ്ടിട്ട് ശ്രീകൃഷ്ണൻ അരുളി ചെയ്തു. (അമന്ദം = വർദ്ധി ച്ച, ത്രപു = ലജ്ജ, ആകൂതം = ആഗ്രഹം, സ്ഫീതം = കൂടുതലായ, സ്നപിതം = നനയ്ക്കപ്പെട്ട)

## അഷ്ടപദി – 23

*രാഗം – ഹിന്ദോളം*

### 1

*കിസലയശയനതലേ കുരുകാമിനി ചരണനളിനവിനിവേശം*
*തവപദപല്ലവ വൈരിപരാഭവമിദമനുഭവതുസുവേഷം*
*ക്ഷണമധുനാ ഗാരായണം അനുഗതമനുഭജരാധേ!*
*(കിസലയ)*

അർത്ഥം : അല്ലയോ കാമവതി രാധേ! ഈ തളിർ മെത്തയിൽ നിന്റെ പാദങ്ങളെ ചേർക്കുക. ഇവിടെ എത്തിയിരിക്കുന്ന നാരായണനായ എന്നെ അൽപ നേരമെങ്കിലും അനുഭവിക്കുക.

(പരാഭവം = അവമാനം)

### 2

*കരകമലേന കരോമി ചരണമഹാമാഗമിതാസിവിദൂരം*
*ക്ഷണമുപകുരു ശയനോപരിമാമിവനൂപുരമനുഗതി ശൂരം*
*ക്ഷണമധുനാ ഗാരായണം അനുഗതമനുഭജരാധേ!*
*(കിസലയ)*

അർത്ഥം : രാധേ, ഭവതി വളരെ ദൂരത്തുനിന്നു വന്ന വളാണല്ലോ! എന്റെ കരകമലത്താൽ ക്ഷണനേരം ഭവതിയുടെ കാൽ തലോടാം. നിന്റെ കാൽചിലമ്പു പോലെ പ്രവർത്തിക്കുന്ന എന്നെ ഈ തളിർമെത്ത യിൽ ഇരുന്നുകൊണ്ട് ആനന്ദിച്ചാലും - എന്നെ ക്ഷണനേരം അനുഭവിച്ചാലും.

### 3

*വദനസുധാനിധിഗളിതമമൃതമിവ രചയവചനമനുകൂലം*
*വിരഹമിവാപനയാമി പയോധരരോധകമുരസിദുകൂലം*
*ക്ഷണമധുനാ ഗാരായണം അനുഗതമനുഭജരാധേ!*
*(കിസലയ)*

അർത്ഥം : നിന്റെ മുഖചന്ദ്രനിൽ നിന്ന് ഉത്ഭവിക്കുന്ന വാക്കുകൾ അമൃതുപോലെ എന്നെ സന്തോഷിപ്പി ക്കട്ടെ. നിന്റെ മാറത്തുള്ള മുലക്കച്ചയാകുന്ന പട്ടിനെ ഞാൻ മാറ്റിക്കളയാം.

(സുധാനിധി = ചന്ദ്രൻ, പയോധരരോധകം = മുല ക്കച്ച)

### 4

*പ്രിയപരിരംഭണ രഭസവലിതമിവപുളകിതമതി ദുരവാപം*
*മദുരസി കുചകലശം വിനിവേശയ നാശയമനസിജതാപം*
*ക്ഷണമധുനാ ഗാരായണം അനുഗതമനുഭജരാധേ!*
*(കിസലയ)*

അർത്ഥം : പ്രിയനുമായുള്ള പരിരംഭണത്തിനുള്ള ബദ്ധപ്പാടുകൊണ്ടും രോമാഞ്ചമണിഞ്ഞതും ആയ നിന്റെ സ്തനകലശത്തെ എന്റെ മാറിൽ ചേർത്താ ലും.

### 5

*അധര സുധാരസമുപനയ ഭാമിനി ജീവയമൃതമിവ ദാസം*
*ത്വയി വിനിഹിതമനനു വിരഹാനല ദഗ്ദ്ധവപുഷമവിലാസം*
*ക്ഷണമധുനാ ഗാരായണം അനുഗതമനുഭജരാധേ!*
*(കിസലയ)*

അർത്ഥം : നിന്റെ അധരസുധാരസം നുകരാൻ എന്നെ അനുവദിക്കൂ. വിരഹിയും, വിഹാരരഹിതനും ആയ ഈ ദാസനെ ജീവിപ്പിച്ചാലും.

### 6

*ശശിമുഖി മുഖരയ മണിരശയനാഗുണമനുഗുണകണ്ഠനിദാനം*
*ശ്രുതിപുടയുഗളേ പികരുതവികലേ ശമയ ചിരാദവസാദം*
*ക്ഷണമധുനാ ഗാരായണം അനുഗതമനുഭജ രാധേ–*

അർത്ഥം : ചന്ദ്രമുഖിയായ രാധേ നിന്റെ രത്നകാ ഞ്ചിയെ കണ്ഠനാദത്തിനനുകൂലമായി ശബ്ദിപ്പിക്കൂ. എപ്പോഴും കുയിൽ നാദം കേട്ടു മടുത്ത എന്റെ ചെവികൾക്ക് മാറ്റമുണ്ടായാലും.

(മുഖരയ = ശബ്ദിച്ചാലും, അനുഗുണം = അനുസരി ക്കും വിധം, രശനാഗുണം = അരഞ്ഞാൺ)

## 7

***മാമതിവിഫലരുഷാ വികലീകൃതമവലോകിതുമധുനേദം***
***മീലതി ലജ്ജിതമിവനയനം തവ വിരമ വിസൃജം രതിഖേദം***
***ക്ഷണമധുനാ നാരായണം അനുഗതമനുഭജ രാധേ –***

അർത്ഥം : അകാരണമായ കോപം കൊണ്ട് കലങ്ങി മറിഞ്ഞ നിന്റെ കണ്ണ് അടഞ്ഞു പോകുന്നു. അതിൽ നിന്ന് ഒഴിഞ്ഞാലും. രതിഖേദത്തിൽ നിന്നും ഒഴിയുക.

## 8

***ശ്രീജയദേവ ഭണിതമിദമനുപദനിഗദിതമധുരിപുമോദം***
***ജനയതു രസികജനേഷു മനോരമരതിരസഭാവവിനോദം***

അർത്ഥം : ജയദേവനാൽ രചിക്കപ്പെട്ടതും പദങ്ങൾ തോറും ശ്രീകൃഷ്ണമോദത്തെ പ്രതിപാദിക്കുന്നതുമായ ഈ ഗീതം സഹൃദയന്മാർക്ക് രതിരസഭാവം നൽകട്ടെ!

**ഗാനം** (രാഗം – ശഹാന)

*രാജീവനയനന്റെ രാഗാവേശം*
*രാധയിലുയരുന്നു രാസോന്മാദം*
*രാഗാർദ്രമാനസലോലനാം കണ്ണൻ*
*രാധയെ പുണരാനണഞ്ഞിടുന്നു*
*(രാജീവ –)*
*അമൃതോപമാകും രാധതൻ വചനങ്ങൾ*
*അലിയുന്നു കണ്ണനിൽ ഗാനരസം*
*ആ ഗാനിർഝരി പുൽകിയുണർത്തുന്നു*
*അനുപമനിർവൃതി രാഗലയം*
*(രാജീവ –)*
*പൂങ്കുയിൽ നാദമോ കണ്ണന്റെ കാതിൽ*
*പുൽകുന്നു വികലമാം നാദധാര*
*രാധതന്നരയിൽ നിന്നുണരും മണിനാദം*
*കൃഷ്ണ ഗാനധാരയെ സ്വർഗ്ഗമാക്കി*
*(രാജീവ –)*

*(രചന – കലാരത്നം അച്യുതശാസ്ത്രി)*

(തുടരും)


യെസ് പ്രസ് ബുക്സ്

**നോവൽ പുരസ്കാരം**

യെസ് പ്രസ് ബുക്സ് മികച്ച മലയാള നോവലിന് പുരസ്കാരം നൽകുന്നു. പതിനയ്യായിരം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. 2016, 2017, 2018, 2019 വർഷങ്ങളിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച കൃതികളും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാത്ത ഡി.ടി.പി. രചനകളും പരിഗണിക്കും. രചനകളുടെ മൂന്നു കോപ്പികൾ 2019 ഓഗസ്റ്റ് 31 നകം **ജോളി കളത്തിൽ, പബ്ലിക്കേഷൻ മാനേജർ, യെസ് പ്രസ് ബുക്സ്, ഔഷധി ജംഗ്ഷൻ, കോർട്ട് റോഡ്, പെരുമ്പാവൂർ–683 542, എറണാകുളം** എന്ന വിലാസത്തിൽ അയയ്ക്കണം. ഫോൺ 9142588887, 9142088887. '*യെസ് പ്രസ് ബുക്സ് നോവൽ പുരസ്കാരം*' എന്ന് മത്സരത്തിനയയ്ക്കുന്ന കവറിന് പുറത്ത് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. പ്രമുഖ സാഹിത്യകാരന്മാർ അടങ്ങുന്ന ജൂറിയായിരിക്കും പുരസ്കാരാർഹമായ കൃതി തെരഞ്ഞെടുക്കുക. പുസ്കത രൂപത്തിൽ അല്ലാത്ത രചനകൾ പുരസ്കാരാർഹമായാൽ അവയുടെ പ്രസിദ്ധീകരണ അവകാശം യെസ് പ്രസ് ബുക്സിനായിരിക്കും.

മുൻ വർഷങ്ങളിൽ പ്രശസ്ത എഴുത്തുകാരായ ബെന്യാമിൻ, റ്റി.ഡി. രാമകൃഷ്ണൻ, കെ.വി. മോഹൻകുമാർ ഐഎഎസ് എന്നിവരാണ് അവാർഡ് ജേതാക്കളായ കണക്കൂർ ആർ. സുരേഷ്കുമാർ, വി.എം. ദേവദാസ്, പി. കൃഷ്ണനുണ്ണി എന്നിവർക്ക് പുരസ്കാര വിതരണം നിർവ്വഹിച്ചത്.

# 55 കലാദർശിനി

## (ചോദ്യോത്തരപംക്തി)

രാഗലയം ശ്രുതിയും, പാലക്കാട് ദർശൻ സ്കൂൾ ഓഫ് മ്യൂസിക്കും (Co-ordinating Centre of BSS Cultural Mission-Diploma Courses- *Music, Dance & Arts*) സംയുക്തമായി സംഘടിപ്പിക്കുന്ന വിജ്ഞാനപ്രദമായ ചോദ്യോത്തരപംക്തി

1. യാഗകാര്യങ്ങളിൽ പ്രയോഗിക്കപ്പെടുന്ന വൈദികസംഗീതം അറിയപ്പെടുന്നത് ഏതുപേരിലാണ് ?

   a) ദേശി (b) ഗീതം (c) മാർഗ്ഗം (d) ഗ്രാമം

2. ഹിന്ദുസ്ഥാനി സംഗീതത്തിൽ 16 മാത്ര വരുന്ന താളം ?

   a) ദീപ്ചന്ദ് (b) ദാദ്ര (c) ത്രിതാൾ (d) ഏക്

3. നാട്യശാസ്ത്രവിധി പ്രകാരം എത്രവിധം രൂപകങ്ങളാണ് ഉള്ളത് ?

   a) 12 (b) 10 (c) 8 (d) 15

4. കർണ്ണാടകസംഗീതത്തിലെ മായാമാളവഗൗള ഹിന്ദുസ്ഥാനി സംഗീതത്തിൽ ഏതുപേരിലാണ് അറിയപ്പെടുന്നത് ?

   a) പൂർവ്വി (b) ഖമാജ് (c) കാഫി (d) ഭൈരവ്

5. ഹാസ്യശൃംഗാര രസങ്ങൾ ധാരാളം വരുന്ന ഇടങ്ങളിൽ ഉപയോഗിക്കുന്ന വൃത്തിയേതാണ് ?

   a) കൈശികിവൃത്തി (b) ഭാരതിവൃത്തി (c) ആരഭടിവൃത്തി (d) സാത്വതിവൃത്തി

6. നാരദമുനി ഉപയോഗിച്ചിരുന്ന വീണയുടെ പേര് ?

   a) പ്രഭാവതി (b) മഹതി (c) അനാലംപി (d) കച്ഛപി

7. ഒന്നിലധികം ചാക്യാന്മാരും നങ്ങ്യാന്മാരും ചേർന്ന് അരങ്ങേറുന്ന സംസ്കൃതനാടകാവതരണത്തിനു പറയുന്ന പേര് ?

   a) കൂടിയാട്ടം (b) കൃഷ്ണനാട്ടം (c) രാമനാട്ടം (d) ചവിട്ടുനാടകം

8. വാചികവും ആംഗികവും സാത്വികവുമായ അഭിനയത്തിനു പറയുന്ന പേര് ?

   a) മധ്യമം (b) ഉത്കൃഷ്ടം (c) സാമാന്യാഭിനയം (d) അഹാര്യാഭിനയം

9. ഭരതമുനിയുടെ നാട്യവിധികളെ സർവ്വാത്മനാ അംഗീകരിച്ചുകൊണ്ടുള്ള സംസ്കൃതനാടകാഭിനയം ഏത് ?

   a) കൂടിയാട്ടം (b) ചാക്യാർകൂത്ത് (c) ഓട്ടൻതുള്ളൽ (d) കഥകളി

10. ത്യാഗരാജസ്വാമികൾ സംസ്കൃതത്തിൽ രചിച്ച മധ്യമാവതി രാഗത്തിലുള്ള ദേവശ്രീ തപസ്തീർത്ഥപുരനിവാസ എന്ന മിശ്രചാപ്പ്താള കൃതി ഏതു പഞ്ചരത്നത്തിലുള്ളതാണ് ?

    a) തിരുവട്ടിയൂർ പഞ്ചരത്നം (b) കോവൂർ പഞ്ചരത്നം (c) ലാൾഗുഡി പഞ്ചരത്നം (d) നാരദ പഞ്ചരത്നം

---

ലക്കം 3. (കലാദർശിനി 54)- ൽ കൊടുത്തിട്ടുണ്ടായിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ താഴെ ചേർക്കുന്നു.
1.ശ്രീനിവാസനായക് , 2. ദണ്ഡം, 3.ജോൺ കെയ്ജ്, 4.കൂടിയാട്ടം, 5.തോൽപ്പാവകൂത്ത്, 6. ഇരയിമ്മൻ തമ്പി
7. അരുണാസായിറാം, 8.ജനാർദ്ദനഭട്ട്, 9.ഒരു സ്ഥായിയിൽ 22 സ്വരസ്ഥാനങ്ങൾ ഉണ്ട്, 10. ആനന്ദഭൈരവി

| | |
|---|---|
| *(കലാവാണി)*<br>ജയന്തി തേ സുകൃതിനോ രസസിദ്ധാഃ കവീശ്വരാഃ<br>നാസ്തിയേഷാംശഃ യശഃകായേ ജരാമരണജം ഭയം | യാതൊരു കവിശ്രേഷ്ഠന്മാരുടെ കീർത്തിയാകുന്ന ശരീരത്തിന് ജരാമരണങ്ങളായ വാർദ്ധക്യത്തിലും മരണത്തിലും നിന്നുണ്ടാകുന്ന ഭയം ഉണ്ടാകുന്നില്ലയോ, പുണ്യവാന്മാരും രസസിദ്ധന്മാരും (നവരസങ്ങളാൽ സിദ്ധപുരുഷന്മാരായിരുന്ന) ആയിരുന്ന ആ കവീശ്വരന്മാർ സർവ്വോത്കർഷേണ ജനിക്കുന്നു *(ഭർതൃഹരി)* |


With Best Compliments from.....

**Sreerangam**
**School of Dance & Music-**
**Kanjoor (Po), Kaladi (Via),**
**Ernakulam District; Pin – 683 575**
Mobile No:- 9496051054.

(ബി.എസ്സ്.എസ്സ്.കൾച്ചറൽ മിഷൻ)
സംഗീതം, നൃത്തം, ചിത്രകല
ഡിപ്ലോമാ കോഴ്സുകളുടെ
അംഗീകൃത പഠനകേന്ദ്രം